1368

# ചിത്ര

(Malayalam)
Chitra
Drama
RABINDRANATH TAGORE

Translated by
K. RAMAKRISHNA PILLAI

First Published April 1961

Printed at
INDIA PRESS, KOTTAYAM

Price Re. 1.00

Copyright
K. Ramakrishna Pillai

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOKSTALL
Kottayam Kerala State India

Published with the kind permission of Messrs Macmillan & Co. Ltd., and the Trustees of Rabindranath Tagore

1368

# ചിത്ര

~~34974~~


## രവീന്ദ്രനാഥ ടാഗുർ

വിവൎത്തനം

മലയേഷ്യാ കെ. രാമകൃഷ്ണപിള്ള


THE KOTTAYAM PUBLIC LIBRARY
KOTTAYAM.

CHILDREN'S LIBRARY
Acc.No:........................
Class No:..MA10..........
RAV

പ്രസാധകന്മാർ
സാഹിത്യപ്രവൎത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.00

## മലയേഷ്യാ രാമകൃഷ്ണപിള്ളയുടെ

### കൃതികൾ

ചന്ദ്രലേഖ

ചിത്ര

ലീലാശ്ലോകം

S1196 B781 96/60-61 1-2000

# കുറിപ്പ്

മഹാഭാരതത്തിലെ ഒരു കഥാംശത്തെ ഉപജീവിച്ച് മഹാകവി ടാഗൂർ ബംഗാളിയിൽ രചിച്ച 'ചിത്രാംഗദ' എന്ന ഗാനനാടകം അദ്ദേഹം തന്നെ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തിട്ടുള്ളതിൻെറ മലയാളവിവർത്തനമാണു് ഞാൻ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതു്.

പദാനുപദതർജ്ജമയ്ക്കു സാമാന്യേന ഞാൻ തുനിഞ്ഞിട്ടില്ല; ആശയങ്ങൾ കോട്ടംതട്ടാതെ മലയാളവൃത്തങ്ങളിൽ പ്രകാശിപ്പിക്കാനാണു് ഞാൻ ശ്രമിച്ചിട്ടുള്ളതു്. ചിലേടത്തെല്ലാം വിവർത്തനം ഒട്ടൊക്കെ സ്വതന്ത്രമായിട്ടുണ്ടു്; ഇംഗ്ലീഷിൽനിന്നുള്ള തർജ്ജമയായതുകൊണ്ടു് ആശയം വ്യക്തമാക്കാൻ ചിലേടത്തെല്ലാം അല്പം പരത്തിപ്പറയേണ്ടതായിട്ടും വന്നിട്ടുണ്ടു്.

മൂലകൃതിയുടെ വികൃതമല്ലാത്ത ഒരു ഛായയെങ്കിലും ഇതിനു വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നു സുഹൃത്തുക്കൾക്കു തോന്നിയാൽ എനിക്കു ചാരിതാർത്ഥ്യത്തിനു ധാരാളം അവകാശമുണ്ടെന്നു ഞാൻ കരുതുന്നു.

വിവർത്തകൻ

## പാത്രങ്ങൾ

മദനൻ

വസന്തൻ

ചിത്ര:   മണിപ്പൂർ രാജകുമാരി

അർജ്ജുനൻ

ഗ്രാമീണർ

## രംഗം ഒന്ന്

**ചിത്രാ:**

സ്വാമി, നീയഞ്ചു പൂങ്കണയേന്തും
കാമദേവത മന്മഥനാണോ?

**മദനൻ:**

തെററിയില്ല നിന്നൂഹം, ജഗത്തിൽ
വെററിനാട്ടും മദനനത്രേ ഞാൻ.
സൎഗ്ഗശക്തിയാം നാന്മുഖൻതൻെറ-
യുൾക്കമലത്തിലാദ്യം പിറന്നോൻ.
വേദനയുമസുലഭമാം സ-
മ്മോദമൂൎച്ഛയും പൊൻതുടരാക്കി,
ഭൂവിതിങ്കൽ ഞാനാൺപെൺകൾതൻെറ
ജീവിതങ്ങളെച്ചേൎത്തു ബന്ധിപ്പൂ.

**ചിത്രാ:**

ഞാനറിയുമാ വേദനയെല്ലാം
ഞാനറിയുമാക്കെട്ടും കുരുക്കും.
ചാരവേ നിന്നരുളുമവിട-
ന്നാരുതാനോ? കനിഞ്ഞോതിയാലും.

**വസന്തൻ:**

ഞാനൃതുകുലരാജൻ വസന്തൻ
തേനലർക്കണയോന്നുയിർത്തോഴൻ.
ക്രുത്ത പല്ലുകൾ കാട്ടിയണയും
വാർദ്ധകവും മരണവും കൂടി,
കാമ്പെലിമ്പോളം ജീവലോകത്തെ
കാന്തു കാന്തു തകത്തഴിച്ചേനെ,
നീളെ ഞാനവയെത്തുടന്നെത്തി
നാളിൽ നാളിൽ പൊരുതാതിരുന്നാൽ.
നിത്യതാരുണ്യമാണു ഞാൻ, ഭൂവിൽ
സത്യമായ് നിലകൊള്ളും നവത്വം.

**ചിത്ര:**

കുമ്പിടുന്നേൻ വസന്തരാജ്യത്തിൻ
തമ്പുരാനേ, നിൻ കാല്ക്കലടിയൻ.

**മദനൻ:**

എങ്കിലോ ന,ന്നപരിചിതയാം
മങ്കയാളേ നീയാരോതിയാലും
മേദുരതപശ്ചര്യാവിധിയാൽ
വേദനകളിയററും വ്രതത്താൽ
നവ്യതാരുണ്യപ്പൂംകൊടിയെന്തി-
ന്നിവ്വിധം നീ വരട്ടി വാട്ടുന്നു?
കോമളാംഗി,യീ ത്യാഗങ്ങളൊന്നും
പ്രേമപൂജയ്ക്കു ചേന്നതല്ലേതും.
കാമിതമെന്തു കൈവരാനോ നീ
കാണുവാൻ നേന്നു ഞങ്ങളേ ബാലേ.

**ചിത്ര:**

ചിത്ര ഞാൻ, ശ്രീമണിപുര രാജ–
പുത്രി, വംശത്തിൻ സന്താനവല്ലി.
'അററുപോകാച്ച നിൻെറ വംശത്തി–
ലാൺപരമ്പരയെന്നാളു'മെന്നായ്,
എൻ പിതാമഹന്നാർദ്രമനസ്സായ്
ശംഭുദേവനനുഗ്രഹമേകി.
എങ്കിലുമെൻെറ മാതൃഗർഭത്തിൽ
തങ്ങിനിന്നൊരെൻ ജീവസ്ഫുലിംഗം,
ദേവകല്പനയേ ധിക്കരിച്ചും
ഭുവിതിലൊരു പെണ്ണായ് പിറന്നു.
നാരിയെങ്കിലുമെൻ വ്യക്തിഭാവം
നേരിലത്രയ്ക്കുജയ്യമദമ്യം.

**മദനൻ:**

ഇന്നതിന്മൂലമല്ലി നിന്നച്ഛൻ
നന്ദനനായ് വളർത്തുന്നു നിന്നെ;
രാജധർമ്മവുമാൺകൾക്കു ചേരും
ചാപവിദ്യയും നീയഭ്യസിച്ചു.

**ചിത്ര:**

നേരുതാ,നതാണീവിധം ഞാനും
പൂരുഷോചിതവേഷം ധരിപ്പൂ.
വിട്ടുപോന്നുഞാനന്തഃപുരത്തിൽ
പുഷ്ടഭോഗസുഖലാലസയേ.
കരൾ കവരുവാൻ മങ്കമാർ വീശും
കൗശലമൊന്നുമെൻവശമില്ല.

ഞാൻ വലിച്ചു ധനുസ്സു കുലയ്ക്കാൻ
ഞാൻ ബലിഷ്ഠയാണെന്നിരുന്നാലും,
കാമകാർമ്മുകലീലയാം നീല-
നീൾമിഴിക്കളി ഞാൻ പഠിച്ചീല.

**മദനൻ:**

വേണ്ടതിന്നു പഠിപ്പേതും താനേ
വേണ്ടപോൽക്കൺകൾ വേല നടത്തും.
ഏതിലേറേറാനറിഞ്ഞിടും നന്നായ്
എത്ര ക്രുത്താബാണങ്ങളെന്നായ്.

**ചിത്ര:**

ഞാനൊരുനാൾ മൃഗയാവിനോദ-
ലീനമാനസയായി തനിയേ,
പൂർണ്ണയാററിൻെറ തീരത്തു ചേരും
പൂത്തകാനനം തന്നിലണഞ്ഞേൻ.
വാജിയേ മരമൊന്നിൽ തളച്ചു
വാശിയോടൊരു മാനിനെത്തേടി,
ഗുത്മവല്ലീതൃണതതി തിങ്ങും
കുററിക്കാടിന്നകത്തു കടന്നേൻ.

ചില്ലകൾ ചെടകെട്ടിക്കുരുങ്ങി-
ത്തെല്ലിരുണ്ടൊരാ കാട്ടിൻനടുവിൽ,
ഗൂഢമായി വളഞ്ഞിഴഞ്ഞീടു-
മൂടുപാതയിലൂടെ നടന്നേൻ.
പച്ചിലകൾ ചീവീടിന്നൊലിയാൽ
ഒച്ചകൂട്ടി മുഴങ്ങെച്ചിലയ്ക്കേ,
ഓർത്തിരിയാതൊരുവനെക്കണ്ടേൻ
മാർഗ്ഗമദ്ധ്യത്തി,ലാ വിജനത്തിൽ.

1368

സുപ്തികൊള്ളുകയാണയാൾ വീണ-
ശ്ശുഷ്കപത്രങ്ങൾ തീർത്ത വിരിപ്പിൽ.
സ്ഫീതഗർവ്വമവനൊടു ചൊന്നേൻ
പാതയിൽ നിന്നെഴുന്നേററു മാറാൻ.
ഇല്ലവനൊരു ക്രുധ,ലവനെൻ
ചൊല്ലു കൂട്ടാക്കിയേയില്ല തെല്ലും.
നിർദ്ദയം ഞാനവൻതന്നുടെ മെയ്യി-
ലൊന്നു കുത്തിനേൻ കൂർത്ത വിൽത്തുമ്പാൽ.
ഭിന്നമാത്രയിൽ ചാടിയെണീററാൻ
ഉന്നതൻ,വനാജാനുബാഹു,
കെട്ട വെൺചാമ്പൽക്കൂനയിൽനിന്നും
പെട്ടന്നാളുന്ന തീജ്വാലപോലെ.

ബാലകോചിതമാമെൻ മുഖവും
ഭാവവും ഹന്ത, കാൺകയാലാവാം,
ചിന്നിമിന്നിയൊരു പരിഹാസ-
മന്ദഹാസമവനുടെ ചുണ്ടിൽ.
ഞാനൊരു പെൺകിടാവെന്നും, മുന്നി-
ലാണൊരുവൻ നിലകൊൾവിതെന്നും,
ജീവിതത്തിലന്നാദ്യമുണർന്നെൻ
ഭാവനയിലൊരു മിന്നൽ പാഞ്ഞു.

**മദനൻ:**

ആ വിശിഷ്ടമുഹൂർത്തം വരുമ്പോൾ
ഭുവി ലാണിനെപ്പെണ്ണിനേയും ഞാൻ,
മുററും തങ്ങളെത്താനറിഞ്ഞീടും
മുഖ്യപാഠം പഠിപ്പിച്ചിടുന്നു.

**ചിത്ര:**

"താങ്കളാരോ?" ഭയാത്ഭുതലജ്ജാ-
താന്തചിത്തയായ് ചോദിച്ചേൻ മന്ദം.
"അർജ്ജുനൻ ഞാ"നവനുച്ചരിച്ചാൻ,
"വിശ്രുതകുരുവംശപ്രദീപം."
കുമ്പിടാനും മറന്നൊട്ടുനേരം
വെമ്പിനിന്നു ഞാൻ കൽപാവപോലെ.
അർജ്ജുനനോ, ഹാ, യെൻ മുഖ്യപൂജാ-
വിഗ്രഹമോ ഞാൻ ദർശിപ്പു മുന്നിൽ?
അമ്മഹാൻ പന്തിരണ്ടുവർഷത്തേ
ബ്രഹ്മചര്യമഹാവ്രതംപൂണ്ടു്,
പുണ്യതീർത്ഥങ്ങളാടുവൻ പോയാ-
നെന്നു കേട്ടിരിപ്പുണ്ടു ഞാൻ മുന്നേ.

അന്നരേന്ദ്രനെയൊററയ്ക്കു വേഷ-
ച്ഛന്നയായ്ചെന്നു പോരിലെതിർക്കാൻ-
ചാപബാണപ്രയോഗത്തിലെൻ കൈ-
ച്ചാതുരിയൊന്നു കാട്ടിക്കൊടുക്കാൻ,
ആശ്ചര്യരും തരുണാഭിലാഷം
പേർത്തുമെന്നെ ത്വരിപ്പിച്ചിരുന്നു.
മൂഢചിത്തമേ, യെങ്ങു പോയ് ഹാ, നിൻ
ഗൂഢഗർവ്വിതചിന്തകളിപ്പോൾ?
പൊൻകിനാക്കൾ പുണരുമെൻ പുത്തൻ-
യൗവനത്തേ പകരമായേകി,
അക്കഴൽക്കീഴിലുള്ള മണ്ണെല്ലാം
കൈക്കലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ,
ഹാ, വിലമതിക്കാനരുതാത്ത
ശേവധിയായ് കരുതുമതു ഞാൻ.

ചിന്തതൻ നീർച്ചുഴികളിൽ വീണു
ഹന്ത, താണുമുഴകി ഞാൻ നില്ക്കേ,
മാമരങ്ങൾക്കിടയിൽ നൊടിയിൽ
പോയ്മറഞ്ഞാനൊരു മിന്നൽപോലെ.

എത്ര മൂഢ നീ പെണ്ണേ, യവനോ-
ടൊററവാക്കരിയാടിയില്ലല്ലോ.
സ്വാഗതം ചെയ്തതില്ല നിന്നരി-
ലാഗതനാമതിഥിയേ കഷ്ടം!
മാപ്പിരന്നീല നീ; നിന്നുവല്ലോ
കാപ്പിരിയാം വനേചരിപോലെ.

... ... ... ... ... ...

പിന്നുഷസ്സിലെന്നാൺവേഷമെല്ലാം
ഞാൻ മടിവിട്ടഴിച്ചങ്ങു നീക്കി.
കാഞ്ചിയും കൈവളയും ചിലമ്പും
കാഞ്ചനപ്പട്ടുടുപ്പുമണിഞ്ഞേൻ,
പററിനിന്നു ചുരുങ്ങിവരുമെൻ
ലജ്ജയിലപ്പുതുവുടയെല്ലാം.
പിമ്പുഞാനീ വിപിനത്തിലെങ്ങും
വെമ്പലാന്നു വിജയനെത്തേടി,
നീളെ നീളെ നടന്നോ,നൊടുക്കം
നീലകണ്ഠൻെറ കോവിലിൽക്കണ്ടേൻ.

**മദനൻ:**

ചിത്തജൻ ഞാ,നിതുവിധം ചേതോ-
വൃത്തികൾതൻ രഹസ്യങ്ങളെല്ലാം
നല്ലവണ്ണമറിയുന്നു, കുഞ്ഞേ,
ചൊല്ലു ചൊല്ലു നീ നിൻകഥാശേഷം.

**ചിത്ര:**

നിസ്പൃഹമെന്തു ഞാൻ ചൊന്നോനെന്ന-
മുത്തരമായ് ലഭിച്ചതെന്തെന്നും,
വ്യക്തമായെനിക്കോർമ്മയില്ലിപ്പോ; 
ഒക്കെദ്ദയാത്തുവാനാജ്ഞയിടല്ലേ.
ലജ്ജയെന്മേലിടിത്തീപോൽ വീണു;
ഭസ്മമാക്കിയില്ലെന്നെയെന്നാലും.
അത്രമേലാണന്നവേരുറച്ചോൾ ഞാൻ
അത്രമേൽ സ്ഥിരമെന്നന്തസ്സത്വം.
ഞാൻ മടങ്ങവേ ക്രൂരമ്പുപോൽ വ-
ന്നാഞ്ഞുകേറിയീ വാക്കുകൾ കാതിൽ:
"നിൻപതിയാവാൻ യോഗ്യനല്ലീ ഞാൻ,
ബ്രഹ്മചര്യവ്രതം പൂണ്ടിരിപ്പോൻ."

അത്ഭുതം ഹാ, പുരുഷൻ വരിക്കും
സദ്വ്രതചര്യയാരറിയാത്തു.
സന്തതോഗ്രതപസ്യയാൽ നീണാൾ
സംഭരിച്ച മഹാധനമെല്ലാം
മുന്നമെത്ര മഹർഷിമാർ പെണ്ണിൻ
പൊൻപദങ്ങളിൽ കാഴ്ചവെച്ചീല?
ആ വിചിത്ര ചരിത്രങ്ങളെല്ലാം
ദേവ, നീയറിഞ്ഞുള്ളവയല്ലോ.

എൻ ധനുസ്സു ഞാൻ രണ്ടായൊടിച്ചേൻ,
അമ്പുകളെരിതീയിൽക്കരിച്ചേൻ
ഞാൺവലിച്ചു തഴമ്പിയന്നുള്ളോ-
രെൻ ബലിഷ്ഠദൃഢങ്ങളാം കൈകൾ,
ഞാൻ വെറുപ്പാന്നു നോക്കിനേ,നങ്ങ
കാണ്മതെന്റെ പരാജയമല്ലീ?

പൗരുഷമാകുമെൻ ബലവായ്പിൽ
പാരം കൊണ്ടേൻ ഞാൻ പൊള്ളയാംഗർവ്വം.
പ്രേമദേവതേ, നീയതു സർവ്വം
പാഴ്മണലിലെറിഞ്ഞു കളഞ്ഞു.
എൻെറ പൗരുഷ പാതുരിയെല്ലാം
നിൻകഴൽകൾ മെതിച്ചരച്ചല്ലോ.
ഇന്നിയെന്നെ നിൻ പാഠങ്ങളെല്ലാ-
മൊന്നൊഴിയാതെയഭ്യസിപ്പിക്കൂ.
ആയുധമററ കൈകൾക്ക നേത്തുപോ-
രാടുവാനുള്ള ശസ്ത്രം തരിക മേ.
ഉൽപലബാണ, കുമ്പിട്ടിരപ്പൻ ഞാൻ
ദുർബ്ബലക്ക ബലമാമതേകുക.

**മദനൻ:**

ബന്ധുവത്രേ നിനക്കു പൂവമ്പൻ
ചിന്തിതം തവ കൈവരുത്തീടാൻ.
വിശ്വജിത്താം വിജയനെത്താനേ
നിശ്ചയമൊരടിമയെപ്പോലെ,
നീവിധിക്കുന്ന ശിക്ഷയേൽക്കാൻ നിൻ
കാൽവണങ്ങുമാറാക്കുവൻ ബാലേ.

**ചിത്ര:**

മെല്ലെമെല്ലെന്നു പാർത്ഥഹൃദന്തം
കൊള്ളചെയ്തെൻെറ കൈവശമാക്കാൻ,
കാലമുണ്ടായിരുന്നെങ്കിൽ നിങ്ങൾതൻ-
കാൽപിടിക്കാൻ വരാതിരുന്നേനേ.
പോക്കളത്തിൽ ഞാൻ പാണ്ഡവൻ തൻെറ
തേർതെളിക്കുവാൻ സാരഥിയാകും;

36974

വേട്ടയിലവന്നുററ സഖിയായ്
കാട്ടിലെങ്ങും ഞാൻ ചുററിത്തിരിയും;
രാവിൽ ഞാൻ തൽ പടകുടീരത്തിൽ
ദ്വാരപാലനായ് കാവൽ നിന്നീടും;
സാധുലോകസംരക്ഷണംചെയ്യാൻ
നീതിതന്നൊളി നീളെ മിന്നിക്കാൻ,
ക്ഷാത്രധമ്മമിമ്മട്ടു പുലത്താൻ
പാത്ഥനു ഞാൻ സഹായമായ് നില്ക്കും.
നിശ്ചയമാ,യൊടുക്കമൊരുനാം
വിസ്മയസ്നേഹഫുല്ലമാം കണ്ണാൽ
മന്നവനെന്നെ നോക്കിപ്പറയും
"നന്നു, കൊച്ചുയുവാവിവനാരോ?
മുൻപിറപ്പിലൊരിക്കലെങ്ങാനെ-
ന്നൻപെഴുമൊരു ദാസനായ് വാണോൻ,
പുണ്യകമ്മഫലംപോലെയിമ്മ-
ട്ടെന്നെയിന്നുമനുഗമിച്ചെന്നോ?"

തീവ്രനൈരാശ്യമേകാന്തത തൻ
തീക്കുടുക്കയിൽ വെച്ചു വളത്തി,
രാത്രിതോറും ചുടുചുടെക്കണ്ണീർ
വാർത്തു വാത്തു വളമതിന്നേകി.
പൊള്ളപ്പുഞ്ചിരിയാൽ പകൽതോറും
വെള്ളപ്പട്ടിട്ടതാകവേ മൂടി,
ആജനന വിധവയായ് വാഴാ-
നാഗ്രഹിപ്പോരു നാരിയല്ലീ ഞാൻ.
കാര്യ്യം മുന്നമെന്നാശാപ്രസൂനം
കാഞ്ഞു പൂഴിയിൽ വീഴില്ല നൂനം
സ്വീയ തത്വം പ്രകടമായ് കാട്ടി
സൗഹൃദാദരപാത്രമായീടാൻ,

ജീവകാലം മുഴുവൻ കിണഞ്ഞേ
ഭൂവിൽ മർത്ത്യക്കു സാധ്യമായ്ത്തീരൂ.
ഇങ്ങതിൻമൂലമാഗതയായ് ഞാൻ
നിങ്ങൾതൻ കനിവർത്ഥിച്ചിവണ്ണം.
ദേവമന്മഥ, വിശ്വജേതാവേ,
ശ്രീവസന്ത, സുരഭിലമൂർത്തേ,
ഉന്മിഷന്നവയൗവനമാകു-
മെന്നിളംമെയ്യിൽനിന്നൊട്ടുനാളും
നിന്ദ്യമാമീയനാകർഷകത്വം
നിർദ്ദയദൈവം കാട്ടുമനീതി.

ഓർത്തിരിയാതെയെൻഹൃദന്തത്തിൽ
പൂത്തതാം പുതുപ്രേമം കണക്കേ,
സുന്ദരസുലളിതമാം രൂപ-
മെന്നുടലിൽ വിടർന്നു വരാവൂ.
ഒററനാളേയ്ക്കെനിക്കേകിയാലും
വിശ്വവശ്യമഭൗമസൗന്ദര്യം;
ഒററനാളേയ്ക്കുതാ,നതിൻശേഷം
മററുനാൾകളെനിക്കു വിട്ടേക്കൂ.

**മദനൻ:**

തന്വി, സംപ്രീതനാണു ഞാൻ നിന്നിൽ
തന്നിടുന്നേനിതാ നിന്നഭീഷ്ടം.

**വസന്തൻ:**

ഹ്രസ്വമാമൊററനാളല്ല, നീണ്ടൊരു
വത്സരത്തേക്കു നിന്മെയ്യിലെങ്ങുമേ,
പൂത്തുനില്ക്കും വസന്തപുഷ്പങ്ങൾതൻ
പൂർണ്ണശോഭാസുഷമകൾ ബാലികേ.

## രംഗം രണ്ട്

**അർജ്ജുനൻ:**

അക്കാട്ടുപൊയ്കക്കരെയിൽ ഞാൻ കണ്ടതു
സത്യമോ ഹാഹാ കിനാവോ?
അഴകോലുമന്തിച്ചുകപ്പൊളിതന്നിൽ നീല-
നിഴലുകൾ പായുന്നനേരം,
കട്ടിക്കരിംപായൽ തീർത്ത മരതക-
പ്പട്ടിലിരുന്നു വിജനേ,
പഴയകാലത്തിന്റെ ചിത്രങ്ങളോർമ്മയി-
ലലസമായ് ഞാൻ വരയ്ക്കുമ്പോൾ,
ഇടതൂർന്ന പച്ചിലച്ചാർത്തിന്നിരുളാണ്ട
യവനിക മന്ദമായ് നീക്കി,
ഒളിചിന്നുമൊരു കൊച്ചുമായാവിമോഹിനി
വെളിയിൽ വരുവതു കണ്ടേൻ.
നേരോ, കിനാവോ, നിനവോ ഞാൻ കണ്ടൊരാ-
ചാരുത പൂത്ത പെൺരൂപം.

മങ്കക്കൊടിയവൾ പൊയ്കക്കരെയ്ക്കൊരു
വെൺകുളിർക്കല്ലിന്മേൽ നിന്നു.
അമ്മൃദുമല്ലപ്പൂങ്കാലിണ മെല്ലെ വ-
ന്നമ്മവച്ചീടുന്ന നേരം,
ഭ്രമാതിന്നുള്ളവുമാനന്ദമൂർച്ഛയാൽ
കോൾമയിർക്കൊണ്ടിരിക്കേണം.
താരെതിർ മെയ് തൊട്ടു പുൽകിയിളകിയ
നേരിയ പട്ടുദുക്കൂലം,

1368

അകലുഷസമ്മോദമലതല്ലി വായുവി-
ലലിയുന്നിതെന്നുമേ തോന്നി,
ഉദയശൃംഗത്തെപ്പൊതിയും വെണ്മൂടൽമ-
ഞ്ഞുരുകി മറയുന്നപോലെ
തെളിനീരിൻ മിന്നുന്ന കണ്ണാടിയിൽ തന്റെ
തലകുനിച്ചൊന്നവൾ നോക്കി
തൻ പ്രതിച്ഛായയതിൽക്കണ്ടു തെല്ലിട
വെമ്പിപ്പകച്ചവൾ നിന്നു.
പിമ്പവൾ പുഞ്ചിരിതൂകി,യിടത്തുകൈ
പിന്നോട്ടലസമായ് വീശി.
കാറണിക്കൂന്തലഴിച്ചു, നിലത്തു തൻ-
കാൽക്കലിഴയുമാറിട്ടാൾ.
തുമ്പത്തുവെണ്മലർ മാറത്തുനിന്നു തൻ
വെൺപട്ടുകഞ്ചുകം മാററി,
കുറതീർത്തഴകിൽ കടഞ്ഞെടുത്തുള്ള തൻ
കരവല്ലികൾ നോക്കിനിന്നാൾ.
ഉന്മിഷല്ലാളനലാലസയുൾത്തിങ്ങി-
വിമ്മുന്നപോലവ കാണായ്.

. . .

വിടരും സുരഭില യൗവനവും പൂവ-
ലുടലിൻ തുടുപ്പും മിനുമിനുപ്പും,
അവനമ്രശീർഷയായ് പ്രത്യംഗം പാർത്തവ-
ളവലേപാശ്ചര്യങ്ങൾ പൂണ്ടാൾ,
പുലരിതന്നാഹ്വാനം കേട്ടൊരു വെൺതണ്ടാർ-
പുതുമൊട്ടു പൊയ്കതന്മദ്ധ്യേ,
കണ്ണു തുറന്നു കുനിഞ്ഞുനോക്കീടുമ്പോൾ
തൻ നിഴൽ കണ്ടെന്നപോലെ.

ചെഞ്ചുണ്ടിൽനിന്നും ചെറുതിടകൊണ്ടാപ്പൂം-
പുഞ്ചിരി മാഞ്ഞു മറഞ്ഞു.
ശോകത്തിൻ കാർനിഴലാ നെട്ടം കൺകളി-
ലാകെയിരുൾനിറം വീശി.
ചുട്ടനെട്ടവീർപ്പിട്ടു, പിന്നിലുലയുന്ന
ചുരുൾ കരിംകുന്തളം കെട്ടി,
മൂടുപടവും വലിച്ചിട്ടു തന്പ്രിയാൾ
കാട്ടുനട്ടവേ മറഞ്ഞാൾ,
അല്ലിന്നിരുളിലലിയുമഴകെഴ-
മന്തിമസന്ധ്യയേപ്പോലെ.
ആശതന്നാഗ്രഫലോദയമിങ്ങെനി-
യ്ക്കാശു വിരിഞ്ഞതായ് തോന്നി,
ഭിന്നനിമഷത്തിലാ ദീപ്തികന്ദളം
മിന്നൽക്കൊടിപോൽ മറഞ്ഞു.

... ... ... ... ... ...

അല്ലല്ല, നോക്കട്ടെ, വാതിലിതുമെല്ലെ-
ത്തള്ളിത്തുറക്കുന്നതാരോ?

*(യുവതിയെപ്പോലെതന്നെ വസ്ത്രധാരണം ചെയ്ത ചിത്ര പ്രവേശിക്കുന്നു.)*

അത്തയ്യലാൾതന്നെയാണിവ,ളാഹാ,യെൻ
ഹൃത്തേ, പിടയാതിരിക്കൂ.
വിത്രസ്തയാകായ്ക വാന്നാലും ഞാനൊരു
ക്ഷത്രിയനാണു മനോജ്ഞേ.

**ചിത്ര:**

സ്വാഗതം, കൈവന്നങ്ങുന്നേൻ, ഭാവനെനി-
ക്കാഗന്തുവാണു മഹാത്മൻ.

ഭജനമിരിക്കയാണീ ശിവക്ഷേത്രത്തിൻ
വിജനത്തിൽ ഞാൻ ചിലനാളായ്.
അറിവീല തെല്ലുമവിടേയ്ക്കെന്താതിഥ്യ-
മടിമ ഞാൻ ചെയ്യേണ്ടതെന്നായ്.

**അർജ്ജുനൻ:**

നിൻ ദർശനത്തേക്കാൾ മെച്ചമാമാതിഥ്യം
സുന്ദരി, വേറെന്തുവേണം!
അന്യഥാ ചിത്തേ നീ ചിന്തിക്കയില്ലെങ്കി-
ലൊന്നു ഞാൻ ചോദിച്ചിടട്ടെ.

**ചിത്ര:**

അതിനെന്തേ ചോദിച്ചുകൊണ്ടാലും,

**അർജ്ജുനൻ:**

—ഏതുഗ്ര-
വ്രതമൊന്നിനാലോ നീ ബാലേ,
ഈ വനഭൂവിലെക്കോവിലിലൊറ്റയ്ക്കു
മേവുന്നു ബന്ദിയെപ്പോലെ,
നിൻ സ്വർഗ്ഗ്യസുഷമയേ ലോകനേത്രങ്ങളിൽ-
നിന്നു മറച്ചുവെച്ചേവം.

**ചിത്ര:**

നാളേറെയായൊരു ഗൂഢാഭിലാഷം ഞാൻ
ലാളിച്ചു പോറ്റുന്നു ഹൃത്തിൽ.
അനുദിനം നേരുന്നേൻ ഗൗരീകമിതാവെ-
യതു വേഗം പൂത്തു ഫലിക്കാൻ.

**അർജ്ജുനൻ:**

ആശാനിദാനമൂലകിന്നു നീ, നിന-
ക്കാശിപ്പാനെന്തുള്ള പിന്നെ?
കതിരവൻ തന്നുടെയാദ്യത്തെച്ചെങ്കനൽ-
പ്പുദനീരയുച്ചിയിൽ വീഴം
ഉദയാദ്രിതൊട്ടു ചരമാക്കദേശത്തി-
ന്നതിരോളം സഞ്ചരിച്ചോൻ ഞാൻ.
എന്തിനായ്, ആക്കായ് നീ തേടിത്തിരയുന്ന-
തെന്നു പറഞ്ഞാലും ഭദ്രേ.
എന്നറിവെല്ലാം സമപ്പിച്ചുകൊള്ളുന്നോൻ
നിന്നന്തികത്തിലിതാ ഞാൻ.

**ചിത്ര:**

വിജ്ഞാനസിന്ധോ, ഞാൻ തേടുന്ന പൂരുഷൻ
വിശ്വവിഖ്യാതിമാനത്രേ.

**അർജ്ജുനൻ:**

ആരായിരിക്കാമാ ഭാഗ്യവാൻ, ദേവക്ക-
മാരാധ്യനാമാ മനുഷ്യൻ?
അവനുടെ കീത്തിക്കരുക്കിൽ നിന്മാനസ-
മടിമയായ് വീണുപോയല്ലോ.

**ചിത്ര:**

വീരാധിരാജ, നവനഖിലോൽകൃഷ്ട-
രാജവംശോദിതനത്രേ.

**അർജ്ജുനൻ:**

പെണ്മണി, യിമ്മട്ടലൗകികമായ നിൻ
നിമ്മായസൗന്ദര്യപൂരം,

ചിത്ര 1368 34974


അല്പമാം വ്യാജയശസ്സിന്റെ പീഠത്തി-
ലപ്പിച്ചിടായ്ക നീയേവം.
തടവെന്യേ നാവീന്നു നാവിലേയ്ക്കായാളി-
പ്പടരുന്നു പൊയ്യായ കീർത്തി.
ഉണ്ണിക്കതിരോന്നുമുൻപായുഷസ്സിങ്കൽ
വെണ്മൂടൽമഞ്ഞെന്നപോലെ,
ആരമ്മഹോന്നത രാജവംശേന്ദുവാം
വീരനരച്ചാലുമാഴ്യേ.

**ചിത്ര:**

അന്യയശസ്സിലസൂയാലുവായല്ലോ
സന്യാസിവര്യ, നിൻ ചിത്തം.
കേട്ടറിവില്ലേയുലകിൽ പെരും പുകൾ
നാട്ടും കുരുരാജവംശം.

**അർജ്ജുനൻ:**

കുരുരാജവംശമോ?

**ചിത്ര:**

ആരറിയാത്തത-
ക്കുലദീപമാകും മഹാനെ?

**അർജ്ജുനൻ:**

നിൻനാവിൽനിന്നോ ശ്രവിക്കട്ടെ ഞാനിന്നാ-
പുണ്യവാൻ തന്നുടെ നാമം.

**ചിത്ര:**

അർജ്ജുനകീർത്തിയാൽ വിശ്വത്തെ വെന്നൊഴ-
മർജ്ജുനൻ, വില്ലാളിവീരൻ.

 34974 

പലനാളാ,യമരത്വമാന്നോരാ നാമം ഞാൻ
ബഹുജന ജിഹ്വയിൽനിന്നും,
കൊതിപൂണ്ടരുത്തെടുത്തെൻ കന്യാചിത്തത്തി-
ലതിഗൂഢം സൂക്ഷിച്ചിരിപ്പൂ.

ഹന്ത, മഹർഷേ, ഭവാന്നു മുഖഭാവ-
മെന്തേ, പകരുന്നതേവം?
വഞ്ചിപ്പൊരു പുറംപൂച്ചാണാ നാമത്തേ-
യഞ്ചിതമാക്കുന്നതെന്നോ?
എങ്കിലുരച്ചാല്ല,മെൻ യുവമാനസ-
ത്തങ്കമണിച്ചെപ്പിന്നേരം,
മടിവിട്ടടച്ചു ഞാനാക്കള്ളരത്നത്തെ-
പ്പൊടിയിലേയ്ക്കാശു വലിച്ചെറിയാം.

**അർജ്ജുനൻ:**

അവനുടെ വീര്യപ്രതാപപ്രഭാവങ്ങൾ,
അവനുടെ പേരും യശസ്സും,
നേരായിരിക്കട്ടെ,യല്ലായ്കിലവയെല്ലാം
തീരെക്കള്ളവായിടട്ടെ,
കനിവാറു തള്ളിക്കളയായ്കവനേ നിൻ
മനതാരിൽനിന്നു മനോജ്ഞേ.
നിൻ പാദതാരിലിതാ നിന്നടിമയായ്
കുമ്പിട്ടിടുന്നു വിജയൻ.

**ചിത്ര:**

അവിടുന്നു വിജയനോ?

**അർജ്ജുനൻ:**

പ്രേമതൃഷിതനാ-
മതിഥി ഞാൻ നിന്നുടെ മുൻപിൽ.

**ചിത്ര:**

പന്തിരണ്ടാണ്ടയ്യോ ബ്രഹ്മചര്യം വരി-
ച്ചിന്ദ്രതനയനാം പാർത്ഥൻ
തീർത്ഥാടനം ചെയ്കയാണെന്നു ഞാൻകേട്ട
വാർത്തയയഥാർത്ഥമാണോ?

**അർജ്ജുനൻ:**

പെൺമണി, പാടേയലിച്ചുകളഞ്ഞു നീ-
യെൻ ബ്രഹ്മചര്യശപഥം,
ഇരവിൻ തിമിരവ്രതമൊരു മാത്രയി-
ലരുമപ്പൂന്തിങ്കൾ കണക്കേ.

**ചിത്ര:**

എത്ര ലജ്ജാവഹം, സ്വയമേ വഞ്ചിക്കുവാ-
നെന്തു ഭവാനെന്നിൽക്കാണ്മൂ?
പാൽവെണ്മയോലുമിപ്പാണികളിൽ, കരി-
നീലനീൾക്കണ്ണിണതന്നിൽ,
ആരായ്‌വതാരെ ഭവാനീ വ്രതനിഷ്ഠ-
യാഹാ പരിത്യജിച്ചേവം?
ഉണ്മയില്ലുള്ളതെന്നോയല്ലങ്ങു തേടുന്ന-
തെന്നറിയുന്നു ഞാൻ നന്നായ്.
ഹാ, മാനവലോകം കീർത്തിക്കും നിർമ്മായ-
പ്രേമസ്വരൂപമിതാണോ?
പെണ്ണിനോടാണിന്നു തോന്നും ബഹുമതി-
തന്നഗ്ര്യകോടിയിതാണോ?
പരിണാമിയാകും പുറംപൂച്ചാമീ മെയ്യിൻ
തിരളൊളികണ്ടു മയങ്ങി,
അന്തമററുള്ളതാമാത്മചൈതന്യത്തി-
ലന്ധനായല്ലോ, ഭവാൻ ഹാ!

നിൻ വീര്യപൗരുഷകീർത്തിയെല്ലാം പൊളി-
യെന്നറിയുന്നു ഞാനിപ്പോൾ.

**അർജ്ജുനൻ:**

ഹാ,യെത്ര പൊള്ളയാണിക്കീർത്തി, നിസ്സാര-
മായതവിക്രമഗർവ്വം.
ആവിയായ് പോയി മറഞ്ഞല്ലോ സർവ്വവും
ഹാ വെറും സ്വപ്നമെന്നോണം.
അനവദ്യതയിന്നു നീമാത്ര,മീമന്നി-
ന്നനുപമസമ്പൽഖനി നീ;
വിവിധ ദാരിദ്ര്യങ്ങൾക്കെല്ലാമറുതി നീ
നിഖിലോദ്യമങ്ങൾക്കും ലക്ഷ്യം.
മറരുണ്ടു നാരിമാ,രെന്നാലവർകളെ
മുററും പണിയാണറിവാൻ.
നിൻപ്രസാദമൊന്നിനാൽ പൂർണ്ണത-
യെന്നേക്കും കാണുന്നു ഹാ ഞാൻ.
മംഗലാകാരേ,യെൻ കൺകൾക്കു മുമ്പൊററ-
മങ്ക നീ മാത്രമുലകിൽ.

**ചിത്ര:**

ആഹന്ത, ഞാനല്ല ഞാനല്ലിതർജ്ജുന,
മോഹാന്ധനാകായ്കയെന്നിൽ.
അഞ്ചിതമാകുമീ മെയ്യൊരു ദേവൻെറ
വഞ്ചനമാത്രമാണയ്യോ.
പോവുക, പോവുകെൻ വീരശിഖാമണേ,
പോവുക പോവുക വേഗം.
മായികവസ്തുവിലർപ്പിക്കയോ മഹ-
ത്തായ ഭവദീയചിത്തം.
പാർത്ഥ, നീ പൊയ്യാമിവളോടനുരാഗ-
പ്രാർത്ഥനചെയ്യായ്ക, പോക.

## രംഗം മൂന്ന്

ചിത്ര:

വയ്യെനിക്കെൻ കമനനേ വെറും-
കയ്യുമായിട്ടയയ്ക്കുവാൻ.
ഹൃത്തിലാളിടുമാശയാം ക്ഷുധാ-
മൂത്തിതൻെറ കരങ്ങൾപോൽ,
ആഞ്ഞുകെട്ടിപ്പുണരുവാൻ നീളു-
മാച്ചുട്ട കടക്കണ്ണുകൾ,
പൊന്മലർമാസച്ചോപ്പു പൂശിയൊ-
രെന്മുഖത്തിലുഴിയവേ,
ഉന്മിഷിതവികാരവൈദ്യുതി
തന്മെയ്യിലെങ്ങും പായവേ,
പൂഞ്ചിറകുകളിട്ടടിച്ചു തൻ-
പഞ്ജരം തകർത്തീടുവാൻ,
അത്തരുണൻെറ ഹൃദ്ഖഗം മുതി-
ൎന്നുദ്യമിപ്പതറിയവേ,
വയ്യ വയ്യെൻ കമനനേ വെറും-
കയ്യുമായിട്ടയയ്ക്കുവാൻ.

*(മദനനും വസന്തനും പ്രവേശിക്കുന്നു.)*

ദേവ മന്മഥ, യെന്തൊരഗ്നിയിൽ
വേവുമാറാക്കിയെന്നെ നീ.
ചുട്ടനീറുമൊരുഗ്രമാം തങ്ക-
പ്പൂട്ടിലിട്ടെന്നെ മൂടി നീ.

ഞാനെരിയുന്നു, തോട്ടത്തൊക്കെയും
താനെരിയുന്നു കൂടവേ.

**മദനൻ:**

എന്തു മുഗ്ദ്ധേ, കഴിഞ്ഞ രാത്രിയിൽ
സംഭവിച്ചതു ചൊല്ലു നീ.

**ചിത്ര:**

നിറന്ന മധുമാസപ്പൂവിതൾ നൂറായിരം
നിരന്നുവീണുള്ളൊരു പച്ചപ്പുൽ തൂമെത്തയിൽ,
പാർത്ഥനെന്നഴകിന്നേ വാഴ്ത്തിയോതിയതെല്ലാ-
മോർത്തുകൊണ്ടന്തിച്ചോപ്പിൽ മയങ്ങിക്കിടന്നു ഞാൻ.
നീണ്ടൊരു പകലിൽ ഞാൻ സംഭരിച്ചതാ മലർ-
ത്തേൻതുള്ളിയൊന്നൊന്നായിച്ചവച്ചു നുണഞ്ഞേൻ-
[ഞാൻ.
മറവിക്കയത്തിലേയ്ക്കാണ്ടുപോ,യെൻമുൻപേത്തേ-
പ്പിറവിപോലെ ഭൂതജീവിതകഥയെല്ലാം.
വനഭൂ മുരണ്ടൊരുമാ മുഖസ്തുതികളും
അനിയന്ത്രിതം മന്ത്രിക്കുന്ന മർമ്മരങ്ങളും
കാതുൾക്കൊണ്ടാനന്ദിപ്പാൻ, പാഞ്ഞോട്ടമതി-
[ഹ്രസ്വ-
കാലംതാനുള്ള കൊച്ചു പൂവാണു ഞാനെന്നോർത്തേൻ.
സന്നതശിരസ്സായി, വാനത്തുനിന്നും കൺകൾ
മന്നിലേക്കാക്കി, ച്ചില നാഴികകൊണ്ടാ പുഷ്പം,
ഖിന്നയായ് വിലപിക്കാതന്തിക്കാററടിക്കവേ
മണ്ണിൽ വാടിവീണടിഞ്ഞീടുവാനുള്ളോന്നല്ലോ.
അമ്മട്ടിലൊടുങ്ങുന്നു മുൻപുപിൻപില്ലാത്തൊരു
സമ്പൂർണ്ണനിമിഷത്തിന്നോമനച്ചെറുകഥ.

**വസന്തൻ:**

ഒളി വായ്ച്ച,നന്തമാമൊരു ജീവിതമൊററ-
പ്പുലരിക്കാലത്തിലേ വിടന്നു വാടിപ്പോകാം.

**മദനൻ:**

ഹ്രസ്വമാമൊരീരടിഗ്ഗീതകം തന്നിൽ വിശ്വ-
വശ്യമായ്ത്തിങ്ങുമന്തമില്ലാത്ത പൊരുൾപോലെ.

**ചിത്ര:**

തെക്കൻകാററന്നെപ്പുൽകിയുറക്കി; മേലേ പൂത്തു-
നില്ക്കുന്ന മണം പാറും മുല്ലപ്പന്തലിൽനിന്നും,
മന്ദമന്ദമായ് പൊഴിഞ്ഞീടുകയായി മൗന-
ചുംബനശതങ്ങളെൻ തളർന്നോരംഗങ്ങളിൽ.
എൻ കരിങ്കാർക്കുന്തലിൽ, മാത്തട്ടിൽ, കഴൽകളിൽ
തങ്ങുവാനോരോ പൂവും വീണു; ഞാനുറങ്ങിപ്പോയ്.

അങ്ങനെ നിദ്രാലീനയായി ഞാൻ കിടക്കവേ-
യഞ്ജസായെന്മെയ്യിൽ തൊട്ടുഴിയുന്നതായ്ത്തോന്നി,
നീട്ടിയ തീനാമ്പുപോൽ നിതരാം തൃഷിതമാം
നോട്ടങ്ങൾ; ഞെട്ടിപ്പിടഞ്ഞുണർന്നേൻ പൊട്ടന്നനെ.
നില്ക്കയാണെൻ മുന്നിലാ സന്യാസിവര്യൻ; മേക്കേ
ദിക്കിൽ ചേർന്നൊരു ചന്ദ്രനിലകൾക്കിടയൂടെ,
ദുർബ്ബലമാമീ മെയ്യിൽ ദൈവികകലാശക്തി-
യർപ്പിച്ച സൗന്ദര്യത്തെയൊളിഞ്ഞുനോക്കീടുന്നു.
വാസന്തപുഷ്പങ്ങളിൽനിന്നുയർന്നൊലിക്കുന്ന
വാർമണക്കൊഴുപ്പുണ്ടു മൂർച്ഛിച്ചു പരിസരം.
രാവിന്റെ നിശ്ശബ്ദതാശിബിരം ചിലയ്ക്കുന്ന
ചീവിടിൻ തുളച്ചേറുമൊച്ചയാൽ മുഖരമായ്.

തീരെ നിശ്ചലം തങ്ങി സരസ്സിൻപരപ്പിന്മേൽ
തീരവൃക്ഷങ്ങൾ നീട്ടും ക്രൂററന്നാം നിഴലുകൾ.
യോഗദണ്ഡുമായ് നിന്നാ,നിളകാതുജപായത-
ദേഹവാ,നൊരു വനഭ്രമംപോൽ പുരോഭവി.
കണ്മിഴിച്ചുണരവേ യാഥാത്ഥ്യങ്ങളോടെല്ലാ-
മെമ്മട്ടോ വിടവാങ്ങിപ്പോന്നേൻഞാനെന്നായ്തോന്നി.
ആ നവനിമേഷത്തിൽ സ്വപ്നജാതയായില്ലീ
ഞാനേതോ നിഴലിൻെറ നാട്ടിലെന്നാശങ്കിച്ചേൻ.
അഴിഞ്ഞൂന്നിറങ്ങുന്ന മെയ്യണിപ്പൂഞ്ചേലപോ-
ലിഴഞ്ഞുവീണു കാല്ക്കലേയ്ക്കെൻെറ നാണം പാടേ.
"ഓമനേ,യെൻപ്രേമപ്പൊൽത്തിടമ്പേ, വന്നാലും നീ-"
യീ മധുരാലാപമെൻ ചെകിട്ടിൽ തേൻ പെയ്യപ്പോൾ,
വിസ്മൃതമാമെൻ പൂർവ്വജന്മങ്ങളെല്ലാമൊന്നി-
ച്ചക്ഷണം തദാഹ്വാനം ചെവിക്കൊള്ളുവാൻ വെമ്പി.
ചൊന്നേൻ ഞാനിരുകയ്യും നീട്ടിക്കൊണ്ടദ്ദേഹത്തോ-
"ടെന്നെ,യെൻ സർവ്വസ്വവും സ്വീകരിച്ചാലും നാഥ."
അമ്പിളി മരച്ചാർത്തിന്നപ്പുറമസ്തം തേടി-
യന്ധകാരത്തിൻ തിരശ്ശീല വീണെങ്ങും മൂടി.
ജീവിതമരണങ്ങൾ, സ്ഥലകാലങ്ങൾ, ഭൂത-
ഭാവികൾ, സുഖദുഃഖം, സ്വർഗ്ഗഭൂമികളെല്ലാം
തീരെ ദുഃസഹമാമൊരാനന്ദവിമൂർച്ഛതൻ
തീരത്തിലൊന്നായ്ച്ചേൎന്നു ലയിച്ചു മാത്രയ്ക്കുള്ളിൽ.

... ... ... ... ... ...

പുലരിക്കനിക്കതിർ കിഴക്കേ മലയ്ക്കുമേ,
പറവക്കൂട്ടം കാട്ടിൽ ചിലയ്ക്കാൻ തുടങ്ങവേ,
കിടന്ന മലരണിപ്പുൽവിരിപ്പിന്മേലുണ-
ൎന്നിടംകൈ നിലത്തൂന്നിയെഴന്നേററിരുന്നേൻ ഞാൻ.

1368

ച്ചുണ്ടിലവ്യക്തസ്സ്വരം പൂണ്ടുറങ്ങുന്നു പാതിര-
നന്തിക,ത്തുഷസ്സിലെ പ്പൂന്തിങ്കൾപൊളിപോലെ.
ആ ത്തെളിനെററിക്കുമേലുഷസ്സു ചെങ്കുങ്കുമം
ചാർത്തി, ഞാൻ ദീർഘശ്വാസംവിട്ടുകൊണ്ടെഴുന്നേറ്റേൻ.
അമ്മുഖത്തിലും വെയിലേശായ്‌വാ,നിലച്ചാർത്തു
തിങ്ങിയ ലതകളാൽ തിരശ്ശീല ഞാൻ തൂക്കി.
ചുററിലും കണ്ണോടിച്ചേൻ, ഭൂതലമൊരുതെല്ലും
മാററമെന്നിയേ കിടക്കുന്നുണ്ടു പണ്ടേപ്പോലെ.
എമ്മട്ടാണൊരുനാൾമുമ്പീയിവളിരുന്നതെ-
ന്നുണ്മയിൽ സ്മരിക്കെഞാൻ വെമ്പലാൽ പകച്ചുപോയ്.
ഓടിനേൻ, ചേമന്തിപ്പൊൻപൂവുകൾ വിരിച്ചുള്ളൊ-
രൂടുപാതയിലൂടെയോടിനേൻ ബഹുദ്ദൂരം;
സ്വന്തമാം നിഴൽകണ്ടു നിതരാം ഭയംപൂണ്ടു
പിന്തിരിഞ്ഞോടിപ്പോകും മൃഗശാബകംപോലെ.
കാട്ടിലൊരേകാന്തമാം മൂക്കിൽ പോയിരുന്നു ഞാൻ
പൂട്ടിനേൻ കൺകൾ, മുഖം മൂടിനേൻ കരങ്ങളാൽ.
കരയാൻകൊതിച്ചു ഞാൻ വളരെക്കിണഞ്ഞിട്ടും
ഒരു തുള്ളിയും കണ്ണീർ വന്നീല മിഴികളിൽ.

. . . .

**മദനൻ:**

നീ കഷ്ടമെന്തേ ചൊൽവൂ മർത്ത്യബാലികേ, നാക-
ലോകത്തിൻ കലവറപ്പൂട്ടിൽനിന്നിതുവിധം,
തൂമണം തുളുമ്പുന്ന പീയൂഷം കവർന്നൊരു
രാവിൻെറ ചഷകത്തിൽ വക്കോളം പകർന്നു ഞാൻ
നിൻകയ്യിൽ വെച്ചേന്തൂററിക്കുടിപ്പാ,നെന്നിട്ടുമീ-
സ്സങ്കടക്കരച്ചിലോ പിന്നെയും കേൾക്കുന്നു ഹാ!

**ചിത്ര:** (ഉൽക്കടവ്യഥയോടുകൂടി)

ആരു ഹാ നകന്നതാ മാദകദിവ്യാസവം;
തീരെ വഞ്ചിതയായിപ്പോയി ഞാനെൻ ഭാഗ്യത്താൽ.
ജീവിതാഭിലാഷത്തിൻ ദുർലഭഫലോദയം
ദീപിതപ്രേമത്തിന്റെ പ്രഥമസമാഗമം,
എൻനേക്കു നീട്ടിത്തന്നിട്ടടുത്ത നിമിഷത്തിൽ-
ത്തന്നെയായതു തട്ടിപ്പറിച്ചുകളഞ്ഞല്ലോ.
ഹാ,യിരവലാമെന്റെ സൗന്ദര്യപൂരം മേനി-
യാകവേ മൂടിപ്പൊതിഞ്ഞുള്ളോരീ വെറും വ്യാജം,
മലന്നു വിടർന്നോരു പൂവിൽനിന്നടന്നതിൻ
ദലങ്ങൾ പൊഴിയുംപോലൂന്നു വീണിടും വേഗം.
അമ്മട്ടു തകൎന്നുപോം ഹൃദയമിനിപ്പിയ്ക്കു-
മസ്സമാഗമത്തിന്റെയേകസ്മാരകംപോലും
അഴകിൻധനം പൊയ്പോയ് നാണിക്കമപ്പാവം പെ-
ണ്ണഴുതും കണ്ണീർപെയ്തും കഴിക്കും തൻ നാളെല്ലാം.
പ്രേമസമ്മാനങ്ങളെ, ഹൃദയം ദാഹംകൊളു-
മോമൽ ചുംബനങ്ങളെക്കവരും പിശാചിപോൽ,
ചാരവേ പററിക്കൂടിനില്ക്കുന്ന ശാപാർഹമീ-
ച്ചാരുവാം വേഷം കാമദേവ നിൻ പരിഹാസം.

**മദനൻ:**

കഷ്ടമേ കഷ്ടം,മെത്രനിഷ്ഫലമായ് പോയി നി-
ന്നൊററ രാത്രി ഹാ,യിൻപത്തഴപ്പിൻ കളിത്തോണി,
വന്നു നിൻ കാഴ്ചപ്പാടിൽ, അതിനെക്കല്ലോലങ്ങ-
ളെന്നിട്ടും കരയ്ക്കടുത്തീടുവാൻ വിട്ടില്ലല്ലോ.

**ചിത്ര:**

സ്വൎഗ്ഗമെന്നടുത്തെത്തീ, പിടിക്കാനായിട്ടാഞ്ഞേൻ
കൈയ്ക്കുലായില്ലെന്നതേ തെല്ലിട ഞാനോർത്തില.

കാലത്തെൻ കിനാക്കളിൽനിന്നു ഞാനുണരവേ
ലോലമാമെൻമെയ്യേയെൻ പ്രതിയോഗിയായ് ക്കണ്ടേൻ
അഴകായ് ദിനംതോറുമണിയിച്ചൊരുക്കി ഞാ-
നവളെയയയ്ക്കേണം കാമുകസവിധത്തിൽ
കാണണ,മവളെത്താൻ ചുംബനാദിയാലവൻ
പ്രീണനം ചെയ്യുന്ന,തീവേല ഞാൻ വെറുക്കുന്നു.
ദേവ, മന്മഥ, ദയാവാരിധേ, ഭവാൻ തന്നൊ-
രീ വരം, കഴൽക്കൂപ്പാം, തിരിച്ചങ്ങെടുത്താലും.

KOTTAYAM PUBLIC LIBRARY KOTTAYAM

**മദനൻ:**

മാനിനി, ഞാനാ വരം തിരിച്ചങ്ങെടുത്തീടിൽ
കാമുകനുടെ മുന്നിലെമ്മട്ടു നിന്നീടും നീ,
ആനന്ദത്തോടു മദ്യം പതഞ്ഞു നുരചിന്തും
പാനഭാജനം ചുണ്ടോടടുപ്പിച്ചുടൻതന്നെ,
ആദ്യത്തെയൊരു കവിളിറക്കുംമുൻപേ തട്ടി-
നീക്കിയാലതു തീരെ നിർദ്ദയമാകില്ലല്ലീ?
എത്രമേലമർഷംകൊണ്ടീടുകില്ലവൻ നിന്മേൽ
എത്രമേൽ പരിതപിക്കില്ല നീ മുഗ്ദ്ധേ, പിന്നെ.

**ചിത്ര:**

ഇപ്പൊഴത്തേക്കാളും ഭേദമാണതു; വേഷം മാററി-
യർപ്പിക്കുമവന്നായ് ഞാനുണ്മയിലുള്ളോരെന്നെ
വെറുപ്പാന്നവനെന്നെ ത്തള്ളിനീക്കിയെൻ ഹൃത്താ-
രുടച്ചാൽ പൊറുത്തീടും ഞാനതും നിശ്ശബ്ദമായ്.

**വസന്തൻ:**

പൂക്കാലം പൊലിയുമ്പോഴും, ശരദാഗമമായി
കേൾക്ക നീ ഫലോദയത്തിൻെറ വെററിയാണപ്പോഴും.

ചൂടുണ്ട മതിവന്ന നിന്മെയ്യിൻ പനീർപുഷ്പം
വാടിവീണടിയുന്ന കാലമെത്തീടും താനേ.
അന്നു നിൻ പ്രിയൻ പാത്ഥൻ കൈക്കൊള്ളുമല്ലോ നീ-
നിനൊഴും ഫലവത്തയായ നിൻ യാഥാത്ഥ്യത്തെ. [ണ്ടു-
ബാലികേ, കേട്ടാലും നീയെന്നുപദേശം, നിൻെറ
മാദകോത്സവത്തിനായ് പോയാലും, പോയാലും, നീ.

## രംഗം നാല്

**ചിത്രാ:**

എന്തിനെൻ പോരാളിവീര,യിമ്മ-
ട്ടെന്നെ നീ സൂക്ഷിച്ചു നോക്കിടുന്നു?

**അർജ്ജുനൻ:**

നോക്കിയിരിക്കയാണമ്മാല നീ
കോർത്തുപിന്നുന്നതെൻ കൊച്ചുറാണി.
അഴകു,മിരട്ടപിറന്ന തൻെറ
സഹജാതയായ ചതുരതയും
ചുവടുവച്ചാടിക്കളിക്കുന്നു നിൻ
തുടുപനീർപൂവിരൽത്തുമ്പുതോറും.
ചിന്തിപ്പു ഞാനതു നോക്കിനോക്കി.

**ചിത്രാ:**

ചിന്തിപ്പതെന്താണെന്നാര്യപുത്രൻ?

**അർജ്ജുനൻ:**

പരദേശവാസത്തിൽ ഞാൻ കഴിക്കും
പലപലനാൾകൾകൊണ്ടീവിധം നീ,
അതിലഘുമഞ്ജുളസ്വപ്നമോടു-
മഴിയാത്ത മാലയൊന്നാരചിപ്പൂ.
മകുടമായ് ചൂടുമതു ശിരസ്സിൽ
ഗൃഹമണയുമ്പോൾ ഞാനെന്നുമോർപ്പൂ.

**ചിത്രാ:**

ഗൃഹമണയുമ്പൊഴോ, നമ്മുടെയീ
പ്രണയം ഗൃഹോചിതമായതല്ല.

**അർജ്ജുനൻ:**

അല്ലാതെ പിന്നെയോ? പ്രാണനാഥേ!

**ചിത്ര:**

ചൊല്ലായ്ക്കതേക്കുറിച്ചൊന്നുമിപ്പോഠം
ആനയിച്ചീട്ട ഗൃഹത്തിലേക്കായ്
ഹാ, ചിരസ്ഥായിയായുള്ളതിനേ.
കാട്ടുപുഷ്പത്തേയത്തു പിറന്ന
കാട്ടിലേ വിട്ടിട്ട പോവൂ ഞായം.
വാടിപ്പതിക്കുമിലകളോടും,
ചൂടിക്കൊഴിയും മലർകളോടും,
ഒന്നുചേൎന്നപ്പാവമീവനത്തിൻ
മണ്ണിലലിഞ്ഞു, മറഞ്ഞിടട്ടെ.
ചത്തടിയട്ടെയത്തു പകലി-
നാസ്തമനത്തോടെ ശാന്തമായി.
കൊണ്ടുപോകായ്ക്കതു രാജധാനി-
മണ്ഡപത്തിങ്കലേയ്ക്കേൻ പ്രഭോ, നീ.
അങ്ങു കരിങ്കല്ലണിത്തറയി-
ലാഞ്ഞു വലിച്ചെറിയുന്നതിന്നായ്.
വാടിമറഞ്ഞു മറന്നുപോകും
വസ്തുവോടില്ലതിന്നൻപു തെല്ലും.

**അർജ്ജുനൻ:**

അമ്മട്ടിലുള്ളതു മാത്രമാണോ
നമ്മുടേതാകുമീ പ്രേമബന്ധം?

**ചിത്ര:**

നിശ്ചയം, മാറെറാന്നുമ;ല്ലെന്നാലും
പശ്ചാത്തപിക്കുവതെന്തിനു നാം?

വിശ്രമവേളയ്ക്കായുള്ള തെന്തി-
നപ്പുറമങ്ങോട്ടു നീണ്ടുപോണം?
ആനന്ദമെന്നതു നിഷ്ക്രമിക്കാ-
നായുള്ള മാർഗ്ഗമടഞ്ഞപോതും,
ജീവിതരംഗത്തിലാടിനിന്നാ-
ലാതങ്കമായതു മാറുമല്ലോ.
അമ്മോദവായ്പു നിലയ്ക്കുവോളം
സ്വന്തമാക്കീടുക നീയതിനേം
നിൻ പ്രഭാതത്തിൻ നവാഭിലാഷം
സമ്പാദിച്ചുള്ളതിലേറെയൊന്നും,
ഹന്ത, ലഭിക്കാൻ ശഠിക്കായ്ക നി-
ന്നന്തിമസന്ധ്യതൻ പൂർണ്ണതൃപ്തി.
നോക്കു പകലിൻ വിളക്കണഞ്ഞു;
ചേർക്ക കഴുത്തിലീ പുഷ്പമാല്യം.
മോഹവിവശയീ ദാസി, യെന്നെയ്
ബാഹുലതകളാൽ പുൽകിയാലും.
നമ്മുടെ ചുണ്ടുകൾ തേൻചുവയ്ക്കും
ചുംബനമൊന്നിൽ സമ്മേളിക്കുമ്പോൾ.
മാഞ്ഞുപോകട്ടെയതൃപ്തിക്കൂട്ടം
കാഞ്ഞ കലഹങ്ങൾ നിഷ്ഫലങ്ങൾ.

**അർജ്ജുനൻ:**

ഓമനേ, കേൾക്കുകകലെയുള്ള
ഗ്രാമദേവാലയം തന്നിൽനിന്നും,
നിശ്ചലം മിണ്ടാതെ നിന്നിടുന്ന
പച്ചമരങ്ങൾക്കിടയിലൂടെ,
മന്ദമായ് ചോർന്നുവരുന്ന മങ്ങ-
മന്തിവാനത്തു മണിമുഴക്കം!

# രംഗം അഞ്ച്

**വസന്തൻ:**

നന്നെത്തളൻ വലഞ്ഞുപോയ് ഞാൻ;ഭവാൻ-
തന്നൊപ്പമെത്തുവാൻ വയ്യെന്റെ തോഴരേ.
എത്രകിണഞ്ഞിട്ടുമാവില്ലെനിക്കു നീ
കത്തിച്ച ചെന്തീ കെടാതെ കാത്തീടുവാൻ.
നിദ്രയെന്നെക്കീഴടക്കുന്നു, പാണിയിൽ-
നിന്നും വിശറി വഴുതിപ്പതിക്കയായ്.
തീരെത്തണുത്ത വെൺചാമ്പൽ നെരുപ്പിന്റെ
ചോരത്തുടുപ്പിനെ മൂടുന്നു മിക്കതും.
പിന്നെയും ഞെട്ടിയുണർന്നു ഞാൻ നിദ്രയിൽ-
നിന്നും, കെടാറായ തീ വീണ്ടുമാളുവാൻ,
ആവുന്നമട്ടൂക്കിലൂതുകയാ;ണെനി-
ക്കാവില്ലിനിയുമീ വേല തുടരുവാൻ.

**മദനൻ:**

പൊന്നലർക്കാലമേ, നീയൊരു പൂമ്പൈത-
ലെന്നപോലസ്ഥിരനാ,ണറിയുന്നു ഞാൻ.
അനപഹം ചഞ്ചലമാണെന്റെ തോഴരേ,
നിന്നുടെ ലീലകൾ മണ്ണിലും വിണ്ണിലും.
നേരായ് വിശദാംശമൊക്കയുമോർത്തു നീ-
യേറെ ദിനങ്ങളാൽ ചെയ്തു തീർത്തുള്ളവ,
ഒട്ടും മനസ്താപമേലാതെയൊക്കവേ
തട്ടിയുടയ്ക്കുന്നു നീ ഭിന്നമാത്രയിൽ.

എങ്കിലും നമ്മൾ തുടങ്ങിയോരീ വേല
ഭംഗിയിൽ മിക്കതുമെല്ലാം സമാപ്തമായ്.
ഇൻപച്ചിറകുവിരിച്ച ദിവസങ്ങൾ
മുൻപോട്ടു മുൻപോട്ടു പായുന്നു വേഗമായ്.
വഷ്,മതിന്നന്തിമാങ്കത്തിലെത്തവേ
ഹർഷവിമൂർച്ഛയിൽ വീഴുന്നു മൂകമായ്.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

## രംഗം ആറ്

**അർജ്ജുനൻ:**

ഉഷസ്സിലുണർന്നേൻ; എൻ പൊൻകിനാക്കളേ വാറ്റി-
യെടുത്തേനൊരു ദിവ്യരത്നമെന്നറിഞ്ഞു ഞാൻ.
അത്യനർഘമാമണിപ്രകാണ്ഡം സൂക്ഷിച്ചിങ്ങു
വെയ്ക്കുവാനെൻ കൈവശം തക്കതാം ചെപ്പൊന്നില്ല;
മന്നന്റെ ശിരോഭൂഷയില്ലതു പതിക്കുവാൻ
പൊന്മണിത്തുടരില്ല മദ്ധ്യരത്നമായ് ത്തൂക്കാൻ.
എങ്കിലും മനംവരുന്നില്ലെനിക്കൊരു തെല്ലും
ഭംഗിയേറുമാ വസ്തു ദൂരത്തു കളയുവാൻ.
ക്ഷത്രിയന്റേതാകുമീ വലംകൈ, യതുമേന്തി-
യെത്രയുമലസമായ് നാൾകൾ പോക്കുകയാലേ,
സ്വീയകർത്തവ്യമെല്ലാം വിസ്മൃതമായ്—

**ചിത്ര:**

എന്താണെ-
ന്നാര്യപുത്രൻ ഹാ, ചിന്തിച്ചീടുന്നു, പറഞ്ഞാലും.

**അർജ്ജുനൻ:**

മൃഗയാവിനോദത്തെപ്പററിയാണെൻ
സകലവിചിന്തയുമീയുഷസ്സിൽ.
നോക്കുക, മേഘമഴ വാനിൽനിന്നെ-
ന്നുക്കിലാഞ്ഞൂഴിയിൽ വീണിടുന്നു.
അകലത്തു മാമലതൻ ചരിവി-
ലാഞ്ഞടിക്കുന്ന മഴത്തുള്ളികൾ.

കരിമുകിൽപ്പോത്തുകൾ കാട്ടിന്മീതേ,-
യിരുൾനിഴൽവീശുന്ന ഭീകരമായ്.
പെരുകിത്തടിച്ച വനനദികൾ
പരിഹാസഘോഷച്ചിരി മുഴക്കി,
പ്രതിബന്ധമൊക്കെ കവച്ചുചാടി-
ക്കുതികൊൾവൂ സാഹസയൗവനംപോൽ.
ഇങ്ങനെ മാരി ചൊരിയുംനാളിൽ
ഞങ്ങളഞ്ചാളും സഹോദരന്മാർ,
വന്യമൃഗങ്ങളെ വേട്ടയാടാ-
നൊന്നിച്ചുപോം ചിത്രകാരണ്യത്തിൽ.
ചിന്തയിൽ കോരിത്തരിപ്പുചേർപ്പൂ
സന്തോഷം തിങ്ങീടുമാ ദിനങ്ങൾ.
പൊങ്ങും മുകിലിൻ മൃദംഗമൊത്തു
ഞങ്ങൾതൻ ഹൃത്തടം നൃത്തമാടി.
മയിലുകൾതൻ കളക്രൂജനത്താൽ
മാറെറാലിക്കൊണ്ടു വനപ്രദേശം.
മഴവീഴുമൊച്ചയും നിർത്ധരങ്ങ-
ളലറുമൊലിയും മുഴങ്ങിടുമ്പോൾ,
കാട്ടിലെ ഭീരുമൃഗങ്ങളേതും
കേട്ടീല ഞങ്ങൾതൻ പാദപാതം.
മഴയാൽനനഞ്ഞ നിലത്തുചേരും
കഴലടിപ്പാടുകൾനോക്കി ഞങ്ങൾ,
ചെമ്പുലിപോയിപ്പതുങ്ങിവാഴും
വന്മട ലാക്കിലറിഞ്ഞു ചെല്ലും.
ചുഴിയും മലരിയുമായുഴറും
പുഴയിൽ കുതിച്ചുപതച്ചു നീന്തി,
മൃഗയാവിനോദവിവശർ ഞങ്ങൾ
മുദിതഹൃദയരായ് വീടണയും.

കാർമഴക്കാലം തിമിർത്തിടുമ്പോഴും
ഈ മനസ്സസ്വസ്ഥമായിടുന്നു.
കാനനഭൂവിൽപോയ് വേട്ടയാടാൻ
കാമന പൂണ്ടുന്നിതെൻ ഹൃദന്തം.

ചിത്ര:

ഒരു മൃഗത്തിനെ വേട്ടയാടീടുവാൻ
വിരയെത്തേടിത്തിരയുകയല്ലി നീ.
ഇതരചിന്തകൾ നില്ക്കട്ടെ,യാദ്യമാ-
യതിനെ കൈവശമാക്കുവാൻ നോക്കുക.
ദൃഢമുറച്ചോ ഭവാനിന്നാ മായിക-
ഹരിണത്തേ ഹസ്തസംഗതമാക്കുവാൻ.
അരികിലെത്തി, പിടികിട്ടിപ്പോയെന്നു
കരുതിക്കൈകൾ നീ നീട്ടുന്നവേളയിൽ,
അരനൊടിയിലാക്കള്ള വനമൃഗം
ഒരു കിനാവുപോൽ തെററിമറഞ്ഞിടും.
ഭ്രാന്തനായ പെരുമഴ കാററിനേ
പിന്തുടന്നതാ ചെല്ലുന്നു കാൺക നീ.
എത്തിടുന്നവൻ പിന്നാലെ പിന്നാലെ-
യസ്ത്രമായിരമെയ്തുകൊ,ണ്ടെങ്കിലും
പോവുകയാണു മുന്നോട്ടതേതുമേ
തോൽവി പററാതെ സ്വച്ഛന്ദവൃത്തിയായ്.
അമ്മട്ടാണെൻ പ്രണയ നിധാനമേ
നമ്മുടെയീ മൃഗയാവിനോദവും.
പാതിമാത്രയുമെങ്ങുമേ തങ്ങാതെ
പായുകയാണാ സൗന്ദര്യദേവത;
പാടുപെട്ടിന്നവളെപ്പിടിക്കുവാൻ
ഓടിയോടി വലയുകയാണു നീ.

1368

ആവനാഴിയിലുള്ള കണയെല്ലാം
നീ വലിച്ചെയ്കയാണവരം പിന്നാലെ
പായുകയാണമ്പേല്ക്കാതെയെന്നാലാ-
മായികമൃഗം സ്വേച്ഛാനുവത്തിയായ്.

**അർജ്ജുനൻ:**

ഭവതി വാണ മധുരിതമായൊരു
ഭവനമില്ലേ? പറയുകാരോമലേ—
ഹൃദയനായികേ, നീ തിരിച്ചെത്തുവാൻ
സദയചിത്തങ്ങരം കാത്തിരിക്കുന്നിടം—
വനമിതിലേക്കു നീ വിട്ടുപോരുമ്പോ-
ളൊളിവിളക്കുപൊലിഞ്ഞു മാഴ്കും ഗൃഹം.

**ചിത്ര:**

എന്തിനീവകച്ചോദ്യങ്ങരം, തീൻവോ
ചിന്തവിട്ട സുഖത്തിൻെറ നാളുകരം?
ഞാൻ മഹാമതേ, ചൊല്ലുവ,നെൻ പ്രിയൻ
കാണ്മതിൽക്കവിഞ്ഞൊന്നുമേയില്ലിവരം.
വത്തമാനമതിനുമപ്പുറ-
മെത്തിനീളുവതല്ലെൻെറ ദൃക്പഥം.
പൊന്നശോകമലരിതരം തുമ്പത്തു
നിന്നു തൂങ്ങുന്ന തൂമഞ്ഞുതുള്ളിക്കു്,
നാമലക്ഷ്യങ്ങളി;ല്ലതു നൽകിടാ
നാമതിനോടു ചോദിക്കിലുത്തരം.
ആ മനോജ്ഞഹിമബിന്ദുപോലെയാ-
ണോമനിച്ചു നീ ലാളിക്കുമീയിവരം.

**അർജ്ജുനൻ:**

ഓതിയാലു,മീ മാനവലോകത്തോ-
ടേതുമില്ലൊരു ബന്ധമവരംക്കെന്നോ?

ഭ്രുവിതിലേക്ക താന്തോന്നിയാമൊരു
ദേവനോക്കാതെയിട്ടുകളഞ്ഞതാം
സ്വർഗ്ഗലോകസുഷമയുടെയൊരു
കൊച്ചു തുണ്ടുപോലാണവളെന്നാമോ?
തിട്ട,മായത്തുകൊണ്ടാവാം നീയെന്നെ
വിട്ടുപോമെന്നെനിക്ക തോന്നീടുന്നു.
എൻ ഹൃദയമതൃപ്തമാണനവഹം,
എൻ മനസ്സിനു ശാന്തിയില്ലേതുമേ.
വരികരികിലരികിലേയ്ക്കോമനേ
വരികയപ്രാപ്യയാമെൻെറ ദേവതേ,
നാമ-ഗേഹ-കുടുംബ ബന്ധങ്ങൾക്ക
നീ മനോജ്ഞേ, സ്വയം കീഴടങ്ങുക.
കാന്തിമത്താമനർഘപ്രണയത്തിൻ
ശാന്തിതിങ്ങിയ രക്ഷാനികേതത്തിൽ,
നിന്നൊടൊത്തു രമിച്ചുവാണെൻ ചിത്തം
നിന്നെയെമ്പാടും തൊട്ടുതഴുകാവൂ.

**ചിത്ര:**

വാർമഴവില്ലിൻ വർണ്ണപ്പകിട്ടേയും
നീരലച്ചാർത്തിൻ നൃത്തക്കൊഴുപ്പേയും,
കോമളപ്പൂങ്കുലകളിൽത്തിങ്ങുന്ന
തൂമണത്തെയും, വർദ്ധിക്കുമാശയാൽ
കൈക്കലാക്കുവാൻ, സൂക്ഷിച്ചുവെയ്ക്കുവാൻ
നിഷ്ഫലമായ് ശ്രമിക്കുന്നതെന്തിനോ?

**അർജ്ജുനൻ:**

ഹൃത്തിലാശിയായ് കോമനേ, പ്രേമത്തേ
തൃപ്തമാക്കുവാൻ പൊള്ളവാക്യങ്ങളാൽ;

വരിക, മായികേ, ദേവി,യെന്തെങ്കിലും
തരികെനിക്കു മുറുകെപ്പിടിക്കുവാൻ,
കരളിൽ കോൾമയിർചേർക്കും സുഖത്തിലും
ചിരതരസ്ഥായിയാകുമെന്തെങ്കിലും—
ആടലിന്നെരിതീക്കനൽച്ചൂടിലും
വാടിടാതെ തളിർക്കുമെന്തെങ്കിലും.

**ചിത്ര:**

TTAYAM PUBLIC LIBRARY

മുഴുമിച്ചീലിനിവത്സര,മിന്നോ
തളർവടഞ്ഞുപോയ് വീര, നിൻ ചിത്തം.
ഭൂവിലേററവും ഹ്രസ്വമാണല്ലോ
പൂവിനുള്ളൊരു ജീവിതകാലം;
ഇന്നറിയുന്നു ഞാ,നതു ദൈവം
തന്നനുഗ്രഹമാണെന്ന സത്യം.
പോയൊരാണ്ടിൻ വസന്തകാലത്തെ-
പ്പൂവുകളോടൊത്തെന്നുടൽക്കൂടി,
വാടിവീണിരുന്നെങ്കിലോ നൂനം
മാനമോടതു മാഞ്ഞലിഞ്ഞേനേ.
എങ്കിലുമിതിനിന്നിച്ചിരിപ്പാ-
നെണ്ണപ്പെട്ട ദിനങ്ങളേയൊള്ളൂ.
ഹാ, മടിക്കേണ്ടതിന്റെ നറുംതേൻ
നീ മുഴുവനും ഞെക്കിപ്പിഴിയൂ;
അല്ലയായ്കിൽ നിൻ ഭിക്ഷുഹൃദന്തം
തെല്ലുപോലുമലംഭാവമെന്യേ,
ഹന്ത, പിന്നെയും പിന്നെയുമാശാ-
ഖിന്നമായതിൻ ചാരെ വന്നാലോ,
പൂക്കൾ വാടിക്കിടക്കവേ ദാഹം-
പൂണ്ടണയുന്ന തേനീച്ചപോലെ.

## രംഗം ഏഴ്

**മദനൻ:**

ഇന്നിര,വിന്നിരവാണു ബാലേ,
നിന്നൊടുക്കത്തേ സുഖദരാത്രി.

**വസന്തൻ:**

ഇന്നുനിൻമേനിയിൽ തങ്ങിടുന്ന
വിണ്ണിൻെറ സൗന്ദര്യസാരമെല്ലാം,
ചേന്നിടും നാളെ മധുമാസത്തിൻ
തീന്നൊടുങ്ങാത്ത കലവറയിൽ.
വിജയൻെറയുമ്മതന്നോമ്മയെല്ലാം
വിരളമായ് നിൻചുണ്ടിൻ രാഗവണ്ണം,
ഒരു പൊന്നശോകത്തിൻ ചില്ലതന്നി-
ലരുമപ്പുത്തളിരായ് വിടരും.
നിന്നുടൽവല്ലിയിൽ പൂത്തുനില്ക്കും
വെണ്മയും മാൺപും മിനുമിനുപ്പും
ആരണ്യമല്ലക്കൊടികൾതോറു-
മായിരം പൂക്കളായ് പുഞ്ചിരിക്കും.

**ചിത്ര:**

നേരുന്നു ഞാനൊന്നു ദേവകളേ,
നേരായരുളിയനുഗ്രഹിപ്പിൻ.

ഇന്നിരവിന്നന്ത്യനാഴികയിൽ
എന്നഴകേററമഭൗമമായി.
ആളിജ്വലിക്കണമേ,വിളക്കിൻ-
നാളം കെടാറായ നേരംപോലെ.

**മദനൻ:**

കാമിതംപോലെ വരട്ടെ, നീ നിൻ
പ്രേമോത്സവത്തിനു പോക ബാലേ

## രംഗം എട്ട്

**ഗ്രാമീണർ:**

ആരുണ്ടു രക്ഷിപ്പാൻ ഞങ്ങളെ,യി-
ന്നാരുണ്ടു ഞങ്ങൾക്കഭയമേകാൻ?

**അർജ്ജുനൻ:**

എന്താ,ണിതെന്തു വിപത്തിനാലോ
ഹന്ത, ചകിതരായ് നിങ്ങളിപ്പോൾ?

**ഗ്രാമീണർ:**

ഉത്തരദിക്കിൻ ഗിരികളിൽനി-
ന്നെത്തുന്നു കൊള്ളക്കാർ കൂട്ടമായി,
തീവെച്ചും കുത്തിക്കവർന്നും ഗ്രാമ-
ഭൂവിതു നിശ്ശൂന്യമാക്കുവാനായ്,
തീരമിടിച്ചു തകർത്തിരമ്പി-
യേറും മലവെള്ളമെന്നപോലെ.

**അർജ്ജുനൻ:**

ഇന്നാട്ടിൻ രക്ഷാധികാരമേന്തും
മന്നവനായൊരാളില്ലയെന്നോ?

**ഗ്രാമീണർ:**

ദുഷ്ടർക്കു ഭീതിദയായിരുന്നു
ചിത്രാംഗദയാമരചപുത്രി.

CHILDREN'S LIBRARY
Acc. No: ....................
Class No: ....................

വീരാംഗനയവളസ്ത്രശസ്ത്ര-
ധാരിണിയായ് നാടുവാണകാലം,
ഭീതി ജനങ്ങൾക്കണച്ചിരുന്നു
സാധാരണ മൃത്യുവൊന്നുമാത്രം.
തീർത്ഥാടനോത്സുകയായവളീ
ധാത്രിയിലെങ്ങോ ചരിക്കയത്രേ,
എങ്ങാണവളെന്നറിഞ്ഞിടാതെ
ഞങ്ങളിന്നാടലാൽ മാഴ്കിടുന്നു.

**അർജ്ജുനൻ:**

നാരീമണിയാമൊരുത്തിയോ യീ-
നാടിന്റെ ചെങ്കോൽ വഹിച്ചിടുന്നു?

**ഗ്രാമീണർ:**

അമ്മഹിളാമണിയാണു ഞങ്ങൾ-
ക്കമ്മയുമച്ഛനുമായ ദേഹം.

*[പോകുന്നു.]*

*(ചിത്ര പ്രവേശിക്കുന്നു.)*

**ചിത്ര:**

ഇത്തെളിവാണ്ട പുലരിയിങ്ക-
ലൊറ്റയ്ക്കിരിയ്ക്കുവതെന്തു നാഥ?

**അർജ്ജുനൻ:**

ചിന്തിച്ചുവാഴുകയാണു ഞാനാ-
ചിത്രാംഗദയെക്കുറിച്ചോരോന്നേ.
എമ്മട്ടിലുള്ളൊരു മങ്കയാവാ-
മിമ്മന്നിൽ ചെങ്കോൽ പിടിക്കുമവൾ.
നാട്ടാർ പറഞ്ഞുപറഞ്ഞു കേൾപ്പൂ
നാനാകഥകളവളെപ്പറ്റി.

**ചിത്ര:**

എങ്കിലും രാജകുമാരിയാൾക്കി-
ല്ലംഗസൗന്ദര്യമൊരിത്തിരിയും.
മൃത്യുവെപ്പോലതിശ്യാമളാഭ
തത്തിക്കളിക്കുമെൻ കൺകൾ നോക്കൂ,
ഇല്ലിത്ര വശ്യമനോഹരങ്ങൾ
ഫുല്ലനയനങ്ങൾ തന്മുഖത്തിൽ.
ഏതൊരു ലക്ഷ്യവും സായകത്താൽ
ഭേദിക്കാൻപോരുമക്കന്യ,യെന്നാൽ
ചെന്നുതറയ്ക്കില്ല തൽകടാക്ഷ-
മെന്നുടെ വീരൻെറ ഹൃത്തടത്തിൽ.

**അർജ്ജുനൻ:**

ശൗര്യത്തിലാണു,മക്കനിവിൽ
നാരിയുമാണവളെന്നു കേൾപ്പൂ.

**ചിത്ര:**

നന്നു ന,ന്നായതുതന്നെയാണാ-
പ്പെണ്ണിൻെറയുൽക്കടഭാഗ്യദോഷം.
പുഞ്ചിരിതൂകിയും വിമ്മിവീർത്തും
കൊഞ്ചിയും ലാളിച്ചുമോമനിച്ചും
ശുശ്രൂഷചെയ്തും പുരുഷഹൃത്തിൽ
ചുററിപ്പിണഞ്ഞു പടർന്നിടുമ്പോൾ,
പെണ്ണൊരുപെണ്ണായി വാണിടുമ്പോൾ
നിർണ്ണയം സന്തുഷ്ടചിത്തയത്രേ.
സാധ്യമെന്താണവൾക്കുന്നതമാം
വിദ്യയാൽ മററു വിരുതുകളാൽ?
കാനനപ്പാതതൻ വക്കിലാളും
കാലാരിക്കോവിലിൻ മുററത്തെങ്ങാൻ,

34974

അച്ചിത്ര നിന്നിരുന്നാലവളെ
നോക്കാതെതാൻ നീ കടന്നുപോകും
മതിവന്നുവെന്നോ, ഭവാനു പെണ്ണിൻ
മധുരസൗന്ദര്യപ്പൊലിമയിങ്കൽ?
പുരുഷൻെറ ശക്തിയവളിലേവം
തിരയുകയായോ നീ യിത്രവേഗം?

ഇരവുപോൽ ക്രൂരിരുൾ തിങ്ങിവിങ്ങ-
മൊരുകുളിരാന്ന ഗുഹയ്ക്കകമേ,
നുരചിന്തും നിർത്ധരത്തുള്ളികളാൽ
നനവാന്നപച്ചിലച്ചാത്തിണക്കി,
നിർമ്മിച്ചിരിപ്പൂ ഞാനീ വനത്തിൽ
നമ്മുടെയുച്ചക്കിടക്ക നാഥാ.
തെളിനീർക്കിനിയും കരിങ്കല്ലിന്മേൽ
വളരുമണിമെത്തപ്പായലിൻെറ
കുളിർമ നിൻ കൺകളെ മുത്തിമുത്തി-
യവികലനിദ്രയിലാഴ്ത്തുമല്ലോ.
വരു വരു,പോകനാമായിടത്തിൽ—

**അർജ്ജുനൻ:**

അരുതരുതിന്നെൻെറ ജീവനാഥേ!

**ചിത്ര:**

അരുതാത്തതെന്തിന്നു?

**അർജ്ജുനൻ:**

കേട്ടുഞാനു-
മൊരുകൊള്ളക്കൂട്ടക്കാരാത്തിരമ്പി,
ഹിമഗിരിസാനുക്കൾ വിട്ടിറങ്ങി
സമതലത്തോളവുമെത്തിയെന്നായ്.

ഭയവിഹ്വലമാം ജനപദത്തി-
ന്നഭയമരുളുവാനാഗ്രഹം മേ.
ആയതിന്നേതും വിളംബമെന്യേ-
യായുധജാലമൊരുക്കിടേണം.

**ചിത്ര:**

നാടിന്റെ രക്ഷയെപ്പററിയേതും
തേടേണ്ട ചഞ്ചലഭാവമുള്ളിൽ.
തീർത്ഥാടനത്തിന്നു പോവും മുൻപേ
പാർത്തലപാലനവ്യഗ്രതയാൽ,
ചിത്രാംഗദ നാലതിർത്തിയിലും
നിർത്തിയിട്ടുണ്ടു പടയണിയേ.

**അർജ്ജുനൻ:**

ക്ഷത്രിയധർമ്മം നടത്തിടുവാ-
നൊട്ടിടയ്ക്കെന്നെയനുവദിക്കൂ.
പുത്തനാം കീർത്തിപെററെന്നാലസ-
ഹസ്തം വിശിഷ്ടദൃതിയെഴുമ്പോൾ,
നിൻ ശിരസ്സർപ്പിപ്പതിന്നു വീണ്ടും
ധന്യമാം ചാരൂപധാനമാകും.

**ചിത്ര:**

എന്തുചെയ്യീടുമെൻ വീര, നിന്നെ
ഹന്ത ഞാൻ വിട്ടയയ്ക്കില്ലയെന്നാൽ?
എന്നിരുകൈകളാൽ നിന്നെ നന്നായ്
പിന്നി വരിഞ്ഞു ഞാൻ നിർത്തിയെന്നാൽ?
കെട്ടു പൊട്ടിച്ചു ബലേനയെന്നെ
വിട്ടുപോയീടുമോ നിർദ്ദയം നീ?
എങ്കിലോ പോവുക, പോവുക നീ,
നിൻ കരളിങ്കലൊന്നോർമ്മവേണം:

രണ്ടായൊരിക്കൽ മുറിച്ച വല്ലി-
ത്തണ്ടു ചേർന്നീടുകയില്ല വീണ്ടും.
പോക നീ, പോക നീ, നിന്മനസ്സിൻ
ദാഹം ശമിച്ചുകഴിഞ്ഞുവെങ്കിൽ.
അല്ലായ്കിൽ നാഥ, നീയോർത്തുനോക്കൂ,
ഉല്ലാസദാത്രിയാം ദേവതയാൾ,
തീരെച്ചപലപ്രകൃതിയത്രേ,-
യാരെയുമാരെയും കാത്തുനില്ക്കാ.
ഇത്തിരിനേരമിരിക്കൂ; നോവും
ഹൃത്തിൻ നിനവുകളൊക്കെയോതൂ.
ചിത്രയാം രാജകുമാരിയോ നിൻ
ചിത്തഭണ്ഡാരം കവർന്നതായ്?

KOTTAYAM PUBLIC LIBRARY KOTTAYAM.

**അർജ്ജുനൻ:**

ഓർക്കുകയാണു ഞാ,നെന്തിനാണാ-
ഭാഗ്യവതി തീർത്ഥയാത്ര പോയീ?
എന്തു ശപഥം സഫലമാക്കാൻ?
എന്താശ സാധിതപ്രായമാകാൻ?

**ചിത്ര:**

ഹന്ത, വരാകിയാ പെണ്ണിനോർത്താൽ
എന്താശ സാധിതപ്രായമായി?
കാരാഗൃഹംപോലെയാണവൾക്ക-
പ്പേരും ഗുണങ്ങളു,മെത്ര കഷ്ടം!
കൽത്തുറുങ്കൊന്നിലവൾതൻ പെണ്ണിൻ-
ഹൃത്തിനെപ്പൂട്ടിയടച്ചുകൊൾവൂ.
ശോഭയറ്റോളവൾ ജീവിതത്തിൻ
സാഫല്യമേതുമടയാത്തവൾ.

അഴകിൻ പകിട്ടില്ലവൾ,ക്കവൾതൻ
യുവതിസഹജമാം പ്രേമഭാവം,
നാററപ്പഴന്തുണിത്തുണ്ടിൽ ചുററി-
പ്പേറിനടക്കാനേ ഭാഗ്യമൊള്ളു.
നീർമുകിൽ തിങ്ങി വെളിച്ചമററ
കാർമഴക്കാലത്തിൻ വാനിൻ കീഴിൽ,
ഒരു കുന്നിൻ പാറക്കൊട്ടുമുടിയിൽ
ഒളി മങ്ങി മങ്ങി മയങ്ങിവാഴും,
പുലർകാലദേവതപോലെയാണാ
പുകൾമണം വീശുന്ന രാജകന്യ.
ആരായരുതെന്നോ,ടായവൾ തൻ
പാഴായ വാഴ്‌വിനെപ്പററിയൊന്നും.
പുരുഷൻെറ കാതിൽ പകന്നുവെന്നാൽ
ചെറുതുമിനിയ്ക്കുയില്ലാക്കഥകൾ.

**അർജ്ജുനൻ:**

പരിചിതമല്ലാത്ത പട്ടണത്തി-
ലൊരു പാതിരാത്രിക്കു വന്നുചേരും,
പാന്ഥനെപ്പോലെയാണിന്നു ഞാ,നെൻ
പാത തെളിഞ്ഞു ഹാ കാണ്മതില്ല.
ആരാമവൃക്ഷനിരകൾ, കുംഭ-
ഗോപുരപംക്തികൾ, സൗധങ്ങളും
നിഴൽപോലെയവ്യക്തരൂപമായ്‌ത്താൻ
നിലകൊൾവൂ; നീരാഴിതന്നിരമ്പം
എത്തുന്നിടവിട്ടു ദൂരെനിന്നും
നിദ്രതൻ നിശ്ശബ്ദതയിലൂടെ.
കാത്തിരിപ്പാണവനത്ഭുതമാം
കാഴ്ചകൾ കാട്ടും പുലരിയെത്താൻ.
ചൊല്ലുകവൾതൻ ചരിത്രമെല്ലാം...

**ചിത്ര:**

ചൊല്ലുവാനെന്തുണ്ടിതിന്നു മേലേ?

**അർജ്ജുനൻ:**

കടിഞ്ഞാൺ പിടിച്ചുമിടത്തുകൈയിൽ
കുലച്ചില തൻ വലംകൈയിലേന്തി,
അവലേപരാഗം മുഖത്തു പൂശി-
യവൾ ജയദേവതയെന്നപോലെ,
ആശതൻ പൊൽക്കതിക്കററ ചുററും
വീശി,യൊരു വെൺകുതിരയേറി
നീൾവഴിയൂടെ ഗമിപ്പതായ് ഞാൻ
ഭാവനക്കൺകൾക്കു മുൻപിൽ കാണ്മൂ.
തന്നുലയുണ്ണുന്ന കുട്ടികളെ-
യുന്മുഖം കാക്കുന്ന സിംഹിയെപ്പോൽ,
സ്വപ്രജാപാലനവ്യഗ്രതയാൽ
സ്വാപരഹിതയാണക്കുമാരി.
മററു വിഭൂഷകളില്ലെന്നാല്വ-
മുച്ഛൃംഖലശക്തിയൊന്നുണ്ടെങ്കിൽ,
നിശ്ചയം നേത്രമനോഹരം താ-
നുത്തമേ പെൺകൾതൻ പാണിയുഗ്മം
ഹേ, മനോമോഹിനി, ദീർഘമാകും
ഹേമന്തനിദ്രയിൽനിന്നുണരും,
പന്നഗമെന്നപോലിന്നു പാത്ഥൻ
തന്നാന്തരംഗമസ്വസ്ഥമത്രേ.
വരിക, നാമൊന്നായ് രയമുയരും
കുതിരകളേറിസ്സവാരിചെയ്യാം,
ത്വരിതമായ് വാനിൽ പറന്നുപായു-
മിരു കാന്തിഗോളങ്ങളെന്നപോലെ.

ഇരുളിനാഭയമായ്, ഗാഢനിദ്ര-
തിരളുമീക്കാരാഗൃഹത്തിൽനിന്നും,
മനുജനെ വീപ്പുമുട്ടിച്ചിടുമ്പോൾ
മണമെഴും മത്തിൻ മടിയിൽനിന്നും,
വരിക പുറത്തു, രയമുയരും
കുതിരകളേറിസ്സവാരിചെയ്യാം.

ചിത്ര:

ഇന്ദ്രതനൂജ, വിജയ, യേതോ-
യിന്ദ്രജാലത്താൽ ഞാനീ നിമിഷം
അതുല,മഭൗമമാമെന്നുടലിൻ
മൃദുലതയൂരിക്കളയുമെങ്കിൽ,
ഉലകിന്നവിനയസ്പർശമേല്ക്കാ-
നരുതര ലജ്ജ കനിഞ്ഞു മൂളും,
സുരലോകയോഗ്യമാമീയഴകിൻ
വിരിമലർ നുള്ളിയെടുത്തതിനേ,
ഇരവലാമാടപോൽ മെയ്യിൽനിന്നും
വിരവിലകലെയെറിയുമെങ്കിൽ,
കരൾ നൊന്തിടാതെയതു പൊറുപ്പാൻ
കഴിയുമോ നാഥനു സത്യമോതു.
ചുററിപ്പിനയുന്ന ദൗർബ്ബല്യത്തി-
ന്നുററതന്തുങ്ങളെ തട്ടിനീക്കി,
ധീരചിത്തത്തിൻെറ ശക്തിയോടും
നീണ്ടുനിവൎന്നു ഞാൻ നില്ക്കുമെങ്കിൽ,
ലതപോലെ മണ്ണിലിഴഞ്ഞിടാതെ
തലയുമുയർത്തിപ്പിടിച്ചുകൊണ്ടേ
ഗിരിയിലെ പ്രാംശുവാം ദേവദാരു-
തരുവെന്നപോലെ ഞാൻ നില്ക്കുമെങ്കിൽ,

പറയുക, നാഥ, മദീയഗാത്രം
പുരുഷനേത്രങ്ങൾക്കു കാമ്യമാമോ?
ആവുകില്ലാവക മാററമൊന്നു-
മാവുകില്ലങ്ങേയ്ക്കു ഹാ, പൊറുക്കാൻ.
വഴതിയോടീടുന്ന യൗവനത്തി-
ന്നഴകെഴും കൊച്ചു കളിക്കോപ്പെല്ലാം,
എൻെറ ചാരത്തു നിരത്തിവെച്ചു-
കൊണ്ടിരിക്കുന്നതാണിന്നു നല്ലു.
പൊറുമയും തൃപ്തിയുമാർന്നിവണ്ണം
മരുവും ഞാനങ്ങയെക്കാത്തുകൊണ്ടേ.
മമ ജീവനാഥൻ തിരിച്ചുപോകും
സമയം മൃദുസ്മിതശോഭതൂകി,
ഇമ്മഞ്ജുമെയ്യ് ചഷകത്തിലിൻപ-
ച്ചെമ്മദ്യമൂററി ഞാനേകുമല്ലോ.
മധുരമധുവിതു ഹാ,നുകൎന്നു
മതിവന്നു ചിത്തം മടുത്തുപോയാൽ,
വേലചെയ്യാനോ തവഹിതംപോൽ
ലീലയാടാനോ ഗമിക്കാമല്ലോ.
യുവത മറഞ്ഞുപോയ്യ് വാൎദ്ധകത്തിൻ
വിവശതയിങ്കൽ കൃതജ്ഞയായ്യ് ഞാൻ,
തവഹൃത്തിലെങ്ങാനൊഴിഞ്ഞകോണിൽ
സവിനയമാഹാ വസിച്ചുകൊള്ളാം.
ഇരവിൽക്കളിത്തോഴനായ്യ് കഴിഞ്ഞോൻ
പകലിൽ സഹായിയായ്യ് കൂട്ടനില്ലാൻ,
അഭിലാഷമുള്ളിൽ പുലൎത്തിയെന്നാൽ—
അഭിമാനിയായ വലത്തുകയ്യിൻ
കൊടിയ ചുമട്ടു പകുത്തു താങ്ങാൻ
ഇടതുകൈയാശിച്ചു നീണ്ടുവെന്നാൽ—

അവിടത്തേ വീരമനസ്സിനായ-
തഭിമതമാമോ,മൽ പ്രാണനാഥാ?

**അർജ്ജുനൻ:**

നിന്നെശ്ശരിക്കുധരിച്ചുകൊൾവാൻ
നന്നെ ഞെരുക്കമൊന്നത്ഭുതാംഗി.
മതിമയക്കീടുമൊരു സുവൎണ്ണ-
പ്രതിമയിൽ ശ്രദ്ധം മറഞ്ഞിരിക്കും
ഒരു ദേവിപോൽ നിന്നെക്കാണ്മു ഞാൻ; നീ-
യരികിലെന്നാലുമകലെയല്ലോ.
നൂനമനർഘങ്ങൾ,ദുർലഭങ്ങൾ,
നീയെനിക്കർപ്പിച്ച സമ്മാനങ്ങൾ;
ഇന്നവയ്ക്കാഹാ പകരമേകാ-
നൊന്നുമില്ലെൻവശമോമലാളേ;
ഒന്നു നിനയ്ക്കുമ്പോളായതിനാ-
ലെന്നനുരാഗമപൂൎണ്ണമത്രേ.
ദുഃഖവിവശമാം നിൻെറ കൺണ്ണിൻ
ദുർഗ്ഗ്രഹമാകുമഗാധതയിൽ,
പൊരുളിന്നുനേരേ മൃദുപഹാസ-
ച്ചിരിതൂകും നിൻ കളിവാക്കുകളിൽ,
ചിലനേരം,വേറൊരു നാരിയാൾ, ത-
ന്നാലസസൗന്ദൎയ്യത്തേച്ചീന്തിവീശാൻ
മന്ദസ്മിതത്തിൻെറ ധൂമിതമാം
മഞ്ജുനിചോളപടത്തിലൂടെ,
വേദനതൻ തെളിദീപ്തിമത്താം
ജാതവേദസ്സിലേക്കാഞ്ഞുപൊന്താൻ,
വെമ്പിത്തുടിപ്പതിൻ കാഴ്ച,മിന്നൽ-
ക്കമ്പിപോൽക്കാണ്മു നറുങ്ങിട ഞാൻ.

സത്യമായുള്ളതിന്നാദ്യഭാവം
മിഥ്യയാം മായയെന്നോർത്തിടുന്നോൻ.
വന്നാടുകന്നിതത്തനപി വേഷ-
ച്ഛന്നയായ് കാമുകസന്നിധിയിൽ.
പിന്നൊച്ചിലനാൾ കഴിഞ്ഞവൾതൻ
പൊൻഭൂഷണങ്ങൾ മുഖപടവും
തൻ തനുവിങ്കേ,ന്നകലെ നീക്കി
സ്വന്തരൂപത്തിൽ വെളിപ്പെടുന്നു.
ആവിധമന്ത്യത്തിൽ നിന്നിൽനിന്നു-
മാവിർഭവിക്കും നിനക്കുവേണ്ടി,
അന്ധതമസ്സിൽ ഞാൻ തേടുകയാ-
ണമ്മതൻ സാരള്യത്തിന്നുവേണ്ടി.
എന്തിനീക്കണ്ണുനീർ, കൈകളാൽ നീ-
യെന്തിനു ത്വന്മുഖം മൂടിടുന്നു?
ഓമനേ, നിന്നെ ഞാൻ നോവിച്ചെന്നോ
ഹാ മറന്നേയ്ക്കു ഞാൻ ചൊന്നതെല്ലാം.
വർത്തമാനത്തിൻെറ ചുംബനത്താൽ
തൃപ്തനായ് ഞാനിങ്ങു വാണുകൊള്ളാം.
ഇരുളിൽമറഞ്ഞ തൻ കൂട്ടിൽനിന്നും
ചിറകടിച്ചാകാശവീഥിയൂടെ
സരളസംഗീതസന്ദേശമേന്തി
വരുമൊരജ്ഞാത വിഹംഗമംപോൽ,
അഴകിൻനിമിഷമോരോന്നോരോന്നേ-
യണയട്ടെ നിൻെറയരികിലേയ്ക്കായ്.
പ്രത്യാശയോടുമൊത്തായതിൻെറ
സിദ്ധിതൻവക്കിൽ ഞാനെന്നൊന്നേയ്ക്കും,
ഈവിധം നാഥേ,യിരുന്നുകൊള്ളാം
ജീവിതകാലം മുഴുമിപ്പോളം.

## രംഗം ഒൻപതു്

[ചിത്രയും അർജ്ജുനനും പ്രവേശിക്കുന്നു. ചിത്ര മൂടുപട
മിട്ടിരിക്കയാണു്.]

**ചിത്ര:**

ഹന്ത,യിപ്പാനപാത്രത്തിൽനിന്നു-
മന്തിമബിന്ദുവുമൂററിയായോ?
ഇതുതന്നെയോ നാഥ, നമ്മുടെയീ
കഥതന്നവസാനമായ രംഗം?
അല്ലല്ല സർവ്വം സമാപ്തമായാൽ
വല്ലതും വീണ്ടുമവശേഷിക്കും.
ആയതാണീ ദാസിയാം തന്നന്ത്യ-
മായ സമർപ്പണം നിൻപദത്തിൽ.

സുരലോകപ്പൂവനിതന്നിൽനിന്നും
നിരുപമസൗരഭ്യവമാന്ന പൂക്കൾ,
ഹൃദയേശ, നീളുമൽക്കണ്ഠയാൽ നിൻ-
പദയുഗപൂജയ്ക്കായ് കൊണ്ടുവന്നേൻ.
പൂജാവിധികളവസിതമായ്
പൂക്കൾ ഹാ വാടിക്കരിഞ്ഞുപോയീ.
കോവിലിൽനിന്നുമിവയെയുള്ള-
മാവിലമാകാതെ നീക്കിടട്ടെ.

(മൂടുപടം നീക്കി ആദ്യത്തെ പുരുഷവേഷത്തിൽ പ്രത്യ
ക്ഷപ്പെടുന്നു.)

ആരാൽ കൺപാത്താല്യ,മാശ്യ, നീ നി-
ന്നാരാധികയേക്കനിവൊടിപ്പോ൦.

നോക്കുകെനിക്കഴകില്ല നിൻെറ
കാല്ക്കൽ ഞാനർപ്പിച്ച പൂക്കളേപ്പോൽ.
കുററങ്ങളുണ്ടു കറുത്ത പുള്ളി-
ക്കുത്തുകളുണ്ടെൻെറ മെയ്യിലെങ്ങും.
നിരവധി നീണ്ടുകിടക്കും ലോക-
പ്പെരുവഴി പോകും പഥികയീ ഞാൻ.
ഉടുതുണിയേററം മലിന,മെൻകാ-
ലടികൾ മുള്ളേററു നിണം ചൊരിവൂ.
ഒരു നിമിഷത്തിൻെറ ജീവിതത്തിൻ
നിരുപമനിമ്മല സൗകുമാര്യം—
വിരിമലർ സൗന്ദര്യം—ഏതുമട്ടിൽ
കരഗതമാകുമെനിക്കു നാഥ.
ഒരു പെണ്ണിൻ ഹൃത്തുതാൻ കാഴ്ച്ചവെയ്പൂ
തിരുമുൻപിൽ ഞാനവലേപമോടേ.
മണ്ണിൻമകളാമൊരുത്തി തൻെറ്
കണ്ണീരും ശോകവും പുഞ്ചിരിയും,
ലജ്ജയും ഭീതിയുമാശകളു-
മിച്ചെറുചെപ്പിൽ നിറഞ്ഞിരിപ്പൂ.
ഇങ്ങിതിൽ പ്രേമ മമർത്യതയിൽ
പൊങ്ങി വിടരാൻ പിടഞ്ഞിടുന്നു.
തങ്ങിനില്ക്കുന്നുണ്ടപൂണ്ണതയൊ-
ന്നിങ്ങിതിലുൽകൃഷ്ടമുജ്ജ്വലാഭം.
പൂവിൻെറ സേവനം തീൻവെന്നാൽ
മേൽവരും കാലത്തേയ്ക്കെൻെറ നാഥ,

താവകദാസിയായ് കാല്ക്കൽ വാഴാ-
നീയുപഹാരത്തെക്കൈക്കൊണ്ടാലും.

ചിത്രയാണു ഞാൻ രാജന്യനന്ദിനി,
ചിത്രയാണു ഞാൻ, നിൻ പാദസേവിനി.
ഹാ, ഭവാനോർപ്പതുണ്ടാം, തന്മെയ്യെല്ലാം
ശോഭയേറും വിഭൂഷകളാൽ മൂടി,
അന്നൊരുനാൾ ശിവൻെറ തൃക്കോവിലിൽ
വന്നിരുന്നാളൊരുത്തി നിന്നന്തികേ.
നിൻ പ്രണയത്തിനായിരന്നീടുവാൻ
നിൻ മനസ്സിൽ പ്രതിഷ്ഠിതയാകുവാൻ,
നാണമില്ലാത്തൊരാ നാരി, കേവല-
മാണിനെപ്പോലെയല്ലി വന്നീടിനാൾ?
ശങ്കയെന്യേ നിരാകരിച്ചു ഭവാൻ
മങ്കയാളെ,യതേററമുചിതമായ്.
സ്വീയവേഷം മറച്ചാഗമിച്ചതാ-
ണാ യുവതിയാൾ, നാഥ, ഞാനാണവൾ.
മന്മഥൻെറ വരപ്രസാദത്തിനാൽ
പിൻപൊരാണ്ടേക്കെൻമെയ്യിൽ വിരിഞ്ഞിതേ,
മർത്ത്യനാരിക്കുമററുമലഭ്യമാം
നിസ്തുല ദീപ്തി ചിന്തിന സൗന്ദര്യം.
ആ മഹാവഞ്ചനതൻ ചുമടിനാൽ
മാമകപ്രഭോ, നിൻ വീരമാനസം,
ഇത്രകാലവും ഹന്ത, തളത്തിനേൻ;
അത്തരുണിയാളല്ല ഞാൻ; നോക്കുക.

രാജപുത്രിയാം ചിത്ര ഞാൻ; താവക-
പൂജയർഹിക്കും ദേവിയല്ലെൻ പ്രഭോ;

ഒട്ടിനില്ലേ, ക്കനിവാന്നഗണ്യമായ്
തട്ടിനീക്കേണ്ടും പാററയുമല്ല ഞാൻ.
സാഹസത്തിൻെറ പാതയി,ലാപത്തിൽ
നീ സഹായിയായെന്നെയുമേല്ക്കുകിൽ,
നിൻ കടമകൾ നിർവ്വഹിക്കുന്നതിൽ
പങ്കുകാരിയായെന്നെയും കൂട്ടുകിൽ,
ആവഴിക്കെൻ പ്രിയനറിഞ്ഞിടുമീ-
ജീവിതേശ്വരിതന്നുണ്മയൊക്കവേ.
എൻവയററിൽ വളരുമീ നിന്നുടെ
പൊൻകിടാവൊരു പുത്രനാണെങ്കിലോ,
ഞാനവനെ സ്വയം പഠിപ്പിച്ചിടും
നൂനം രണ്ടാംവിജയനായീടുവാൻ.
തക്കകാലത്തു ഞാനവനേ ഭവാൻ-
തന്നരികിലേയ്ക്കാനയിച്ചീടുവൻ.
അന്നറിയുമിവളെയങ്ങുണ്മയിൽ
അന്നു ധന്യമായ്ത്തീരുമെൻ ജീവിതം.
ഇന്നു ജീവിതസർവ്വസ്വമേ, രാജ-
നന്ദിനിയാമീ ചിത്രയേയല്ലാതെ,
ഒന്നുമില്ലെനിക്കങ്ങേയ്ക്കു നല്കുവാൻ.

**അർജ്ജുനൻ:**

നന്നു, പൂർണ്ണമെൻ ജീവിതമോമനേ.

CHILDREN'S LIBRARY
Acc.No:......................
Class No:......................